പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ഏപ്രിൽ 2025




Summer Success 2025
First Batch
April 7 to May 16
Second Batch
April 21 to May 21
TRINITY
Since 2019 enhance competency
PROFESSIONAL ACADEMY
ചങ്ങനാശ്ശേരി | കോട്ടയം
ISO 9001 : 2015
അസംപ്ഷൻ
കമ്മ്യൂണിറ്റി കോളേജിൽ
അവധിക്കാല ക്ലാസ്സുകൾ
സ്കൂൾ, കോളേജ് കുട്ടികൾക്കായി...
Std.5 മുതൽ ഡിഗ്രി വരെ
Govt Certificate Courses
AI & Machine Learning
Python
Junior Programmer
Basic Computer
Spoken English
Interview Training
Junior Accountant
Advanced Excel with AI
Coding
Value Education
Call us now!
Book Your Seats Today
+91 7034 179 233
+91 8891 650 657
trinityforeducation@gmail.com
www.trinity4education.com
LBS SKILL CENTRE
LBS CENTRE FOR SCIENCE AND TECHNOLOGY
TRINITY
enhance competency
PROFESSIONAL ACADEMY
ISO 9001 : 2015
ഉയർന്ന ശമ്പളത്തിൽ
ഇന്ത്യയിലും വിദേശത്തും
ജോലി നേടുവാൻ
ഗവ. അംഗീകൃത കോഴ്സുകൾ
DIPLOMA IN LOGISTICS & SUPPLY CHAIN MANAGEMENT
CIFA - Certified Indian and Foreign Accountant
CGFA - Certified Gulf Financial Accounatant
CMA(USA) - ACCA - GCC VAT
PAYROLL MANAGEMENT
DATA ANALYSIS - AI & ML - PYTHON
C++ - JAVA - POWER BI - TABLEAU
MS OFFICE - DCA - PGDCA - DTP
DOA - Diploma in Office Automation
SAP
Tally POWER OF SIMPLICITY
KASE
GST
Advanced Excel
STED
QuickBooks
PTE
xero
SPOKEN ENGLISH
IELTS
OET




ഏപ്രിൽ 2025

ലക്കം 2

വാല്യം 10


# പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

## താളുകൾ മറിക്കുമ്പോൾ


മുഖമൊഴി 05





06 വികാരിയച്ചന്റെ സന്ദേശം

ഉത്ഥാനം നൽകുന്ന പ്രത്യാശ 08





11 ലഹരിക്കെതിരെ

കരുണാർത്ഥന 15





17 ഇടവക വാർത്തകൾ



*മാനേജിംഗ് എഡിറ്റർ:*

**വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**
9495268877

*ചീഫ് എഡിറ്റർ:*

**റവ. ഫാ. ജേക്കബ് (സിറിൽ) കളരിക്കൽ**
9961719556

*എക്സി. എഡിറ്റേഴ്സ്:*

**റവ. ഫാ. ആന്റണി (നിഖിൽ) അറയ്ക്കത്തറ**
9946112201

**റവ. ഫാ. ജോസഫ് (ഷെറിൻ) കുറശ്ശേരി**
9188771104

*കൈക്കാരന്മാർ:*

**ജോസഫ് എ.ജെ. ആലഞ്ചേരി**
**കുര്യച്ചൻ ഒള്ളശ്ശയിൽ**
**ചാൾസ് പാലാത്ര**

*കമ്മറ്റിയംഗങ്ങൾ:*

**വിന്നി ജോർജ്ജ് കല്ലൂക്കളം** (കൺവീനർ)
**സൈബി അക്കര**
**സി. മരിയ** SABS
**ജോമി കാവാലംപുതുപ്പറമ്പിൽ**
**ജിജി മുളയ്ക്കൽ**
**നവീൻ വെട്ടുവഴി**
**എബിൻ ആറുപറയിൽ**
**മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ**
**സജി ഇളംകുളം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*

**സോണി കരിമറ്റം**

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com

# WELCOME



വികാരിയായി
സ്ഥാനമേറ്റ
ബഹു. ജോസഫ്
വാണിയപ്പുരയ്ക്കൽ അച്ചന്
ഹൃദ്യമായ സ്വാഗതം...





അസിസ്റ്റന്റ് വികാരിമാരായി
സ്ഥാനമേറ്റ
ബഹു. സിറിൽ കളരിക്കലച്ചനും
ബഹു. ഷെറിൻ കുറശ്ശേരി അച്ചനും
ഹൃദ്യമായ സ്വാഗതം...




**JOSE ELECTRICALS & SANITARY**
Near Telephone Exchange
Changanacherry

# മുഖമൊഴി



ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരെ,

ഈശോയുടെ സഹനവും മരണവും നമ്മെ പഠിപ്പിക്കുന്ന ഒരു പാഠമുണ്ട്. ജീവിതത്തിൽ സഹനത്തിനപ്പുറം ഒരു ഉത്ഥാനം ഉണ്ടെന്ന സത്യം. സുവിശേഷത്തിൽ തന്റെ പീഡാസഹന മരണത്തെക്കുറിച്ചുള്ള പ്രവചനങ്ങളിൽ ഈശോ അവസാനം പറഞ്ഞുവെക്കുന്നതും മനുഷ്യപുത്രൻ ഉയർക്കുമെന്ന യാഥാർത്ഥ്യമാണ്.

ഉയിർപ്പിന്റെ കാലഘട്ടത്തെ ധ്യാനിക്കുമ്പോൾ പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളെ പ്രതീക്ഷയുടെ കണ്ണോടുകൂടി നോക്കിക്കാണാൻ ഉത്ഥിതനായ ഈശോ നമ്മെ ഓർമ്മപ്പെടുത്തുന്നു. ശൂന്യമായ കല്ലറയെ നോക്കി ഉത്ഥാനം നൽകുന്ന പ്രതീക്ഷയെ ലക്ഷ്യം വയ്ക്കുവാൻ ജീവിതമാകുന്ന തോണിയിൽ നാം സഞ്ചരിക്കുക നമുക്ക് ആവശ്യമാണ്, ഈ തോണിയുടെ തലപ്പത്ത് തലയണ വെച്ച് ഉറങ്ങുന്ന ഈശോയാകണം നമ്മുടെ ആശ്രയം. കടന്നുവരുന്ന രണ്ടുമാസം നീണ്ടുനിൽക്കുന്ന വേനൽ അവധിയിൽ നമ്മുടെ മക്കളെ കൂടുതൽ ദൈവത്തോടും സഭാകാര്യങ്ങളോടും അടുപ്പിക്കുവാൻ ആയിട്ടും ദൈവിക കാര്യങ്ങളിൽ തൽപരരാകുവാനും അവരെ പ്രേരിപ്പിക്കേണ്ടതും മാതാപിതാക്കളുടെ കടമയാണ്. എത്രത്തോളം ദൈവീക കാര്യങ്ങളിൽ തൽപ്പരരാകുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടമാക്കുന്നത്. ഏത് കാര്യത്തിന് വേണ്ടിയും ആദ്യം മാറ്റിവയ്ക്കുക ആത്മീയ കാര്യങ്ങൾ ആണെങ്കിൽ അത് നമ്മുടെ ദൈവസ്നേഹത്തിന്റെ കുറവാണ്.

സഭയുടെ കാര്യത്തിൽ ഇടവകയുടെ കാര്യത്തിൽ ഒന്നിനും എക്സ്ക്യൂസ് പറയാതെ കൂട്ടായ്മയിൽ മുന്നോട്ടുപോകുവാൻ നമുക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

നിങ്ങളുടെ സ്വന്തം,

**സിറിലച്ചൻ**
ചീഫ് എഡിറ്റർ



# വികാരിയച്ചന്റെ സന്ദേശം

ഈശോയിൽ സ്നേഹമുള്ളവരെ,

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽനിന്നും ആശംസകളും പ്രാർത്ഥനയും നേരുന്നു. കഴിഞ്ഞ നാലര വർഷക്കാലം നമ്മളെ നയിച്ച ബഹു. ജോസ് കൊച്ചുപറമ്പിലച്ചനെ നന്ദിപൂർവ്വം പ്രാർത്ഥനയിൽ ഓർക്കാം. കൊച്ചച്ചന്മാരായ ലിപിനച്ചനെയും, ജെറിനച്ചനെയും പ്രാർത്ഥനയിൽ സ്മരിക്കാം. അവരുടെ പുതിയ പ്രവർത്തന മണ്ഡല ങ്ങളിൽ എല്ലാവിധ ദൈവാനുഗ്രഹവും പ്രാർത്ഥനയും ആശംസിക്കാം. കഴിഞ്ഞ ഫെബ്രുവരി 13-ാം തീയതി വ്യാഴാഴ്ച മെത്രാപ്പോലീത്തൻ പള്ളിയിലെ ദൈവികശുശ്രൂഷയ്ക്കായി ഞാനും കൊച്ചച്ചന്മാരായ ഷെറിനച്ചനും സിറിലച്ചനും എത്തിച്ചേർന്നു. ഇടവകസമൂഹം ഞങ്ങൾക്കു നൽകിയ സ്വാഗതാശംസകൾക്കും പ്രാർത്ഥനയ്ക്കും നന്ദി നേരുന്നു.

''ഇടയൻ പാരീഷ് ബുള്ളറ്റിൻ നോമ്പുകാലഘട്ടത്തിന്റെയും ഉയിർപ്പു തിരുനാളിന്റെയും വാർത്തകളും വിശേഷങ്ങളുമായി ഇറങ്ങുകയാണ്. ഇടയന്റെ പിന്നാമ്പുറങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അഭിന ന്ദനങ്ങൾ.

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണ് രക്ഷാ കരകർമ്മങ്ങളുടെ സമാപ്തികുറിക്കുന്ന അവിടുത്തെ പെസഹാ, പീഡാ

സഹനം, മരണം, ഉത്ഥാനം. ഈ ദൈവീകരഹസ്യങ്ങൾ ധ്യാനിക്കാനും പ്രാർത്ഥിക്കാനും വിശ്വാസത്തിൽ ആഴപ്പെടാനും, പ്രത്യാശയിൽ വളരാനും, ദൈവകൃപയിൽ നിറയുവാനും നോമ്പുകാലഘട്ടം നമ്മെ ഒരുക്കുന്നു. പ്രാർത്ഥനയും ഉപവാസവും വഴി നേടിയെടുക്കുന്ന മാനസാന്തരം ജീവിതവിശുദ്ധിയിലേയ്ക്കു നയിക്കുന്നതാകണം. നോമ്പുകാലഘട്ടത്തിലൂടെ ആർജ്ജിച്ചെടുക്കുന്ന വിശുദ്ധി നമ്മുടെ ക്രിസ്തീയ ജീവിതത്തെ വളർത്തുന്നതും ശക്തിപ്പെടുത്തുന്നതുമാകണം. പുണ്യപൂർണ്ണതയ്ക്കുവേണ്ടി ഒരുങ്ങുവാൻ നോമ്പുകാലം നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ കുടുംബങ്ങളിൽ എല്ലാവരും പരിശുദ്ധകുർബാനയിൽ പങ്കെടുത്തും, പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിച്ചും വി. ഗ്രന്ഥം വായിച്ചും കുടുംബപ്രാർത്ഥയിൽ സജീവമായി പങ്കെടുത്തും ആത്മീയ ഉണർവ്വ് പ്രാപിക്കുന്നവരാകാം. പീഡാനുഭവവാരത്തിലെ തിരുക്കർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കെടുക്കണം. നമ്മുടെ ഇടവകയിൽ നടത്തിയ ബൈബിൾ കൺവൻഷനും നടന്നുകൊണ്ടിരിക്കുന്ന കരുണാർത്ഥന ശുശ്രൂഷയും, ഹോം മിഷൻ പ്രവർത്തനങ്ങളും ഒരു വലിയ ചൈതന്യം നമുക്ക് ലഭ്യമായിട്ടുള്ള ശുശ്രൂഷകളാണ്. സഹായിച്ചവരെയും സഹകരിക്കുന്നവരെയും നേതൃത്വം കൊടുത്തവരെയും നന്ദിയോടെ സ്മരിക്കാം.

വിശ്വാസപരിശീലനത്തിന്റെ ഭാഗമായ വിശ്വാസോത്സവം ഏപ്രിൽ 1-ാം തീയതി മുതൽ നടത്തപ്പെട്ടു. കുട്ടികൾ സജീവമായി പങ്കെടുത്തു. മാതാപിതാക്കളുടെ പ്രോത്സാഹനവും പ്രാർത്ഥനയും വിശ്വാസോത്സവത്തെ മനോഹരമാക്കി. കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണത്തിന് ഒരുക്കമായുള്ള പരിശീലനക്ലാസുകളിൽ മുടങ്ങാതെ കുട്ടികളെ പറഞ്ഞയയ്ക്കുകയും മാതാപിതാക്കൾ അവരെ പ്രാർത്ഥിച്ച് ഒരുക്കുകയും വേണം. ഇടവകയിൽ പ്രവർത്തിക്കുന്ന എല്ലാ ഭക്തസംഘടനകളും അതിരൂപതയുടെ നിയമാവലിക്കനുസരിച്ച് പ്രവർത്തിച്ച് മാതൃകയായിത്തീരാൻ പരിശ്രമിക്കണം.

വൈദികരായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണം. ആത്മീയ ഉണർവും പ്രത്യാശയും നൽകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

പ്രാർത്ഥനാപൂർവ്വം സ്നേഹത്തോടെ,

**വാണിയപ്പുരയ്ക്കലച്ചൻ**
(വികാരി)



# ഉത്ഥാനം നൽകുന്ന പ്രത്യാശ



ബ്രദർ ജോസഫ് വട്ടക്കളം

“ഈശോയുടെ തിരുവുത്ഥാനത്തെ അനുസ്മരിക്കാനും അതിൽ പങ്കുചേർന്ന് സന്തോഷിക്കാനും തിരുവചനം ആഹ്വാനം ചെയ്യുന്നു. തിരുപ്പിറവിയുടെ ജൂബിലിവർഷത്തിന്റെ ആപ്തവാക്യമായ പ്രത്യാശയുടെ തീർത്ഥാടകർ എന്ന വിശേഷണം അനുസ്മരിപ്പിക്കുന്നതും ഇതുതന്നെ.

‘‘എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു’’ (യോഹ. 3:16), പ്രത്യാശയുടെ കിരണങ്ങൾ ലോകമെമ്പാടും പടർത്തുന്ന ദൈവികസന്ദേശമാണ് ഉത്ഥാനം. മനുഷ്യജീവിതം മരണത്തിലവസാനിക്കാതെ ഉത്ഥാനത്തിലൂടെ നിത്യജീവന്റെ അനന്തവിഹായസ്സിലേക്കുള്ള പ്രയാണം തുടരുന്നു. പ്രശ്നകലുഷിതമായ ചുറ്റുപാടുകളിൽ നന്മയുണ്ടാകുമെന്ന പ്രത്യാശ കൂടുതൽ ഉണർവ്വോടെ ജീവിതശൈലി ക്രമീകരിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നു. ഈശോയുടെ തിരു

വുത്ഥാനത്തെ അനുസ്മരിക്കാനും അതിൽ പങ്കുചേർന്ന് സന്തോഷിക്കാനും തിരുവചനം ആഹ്വാനം ചെയ്യുന്നു. തിരുപ്പിറവിയുടെ ജൂബിലിവർഷത്തിന്റെ ആപ്തവാക്യമായ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന വിശേഷണം അനുസ്മരിപ്പിക്കുന്നതും ഇതുതന്നെ. എന്താണ് ഈശോയുടെ തിരുവുത്ഥാനം നൽകുന്ന പ്രത്യാശ? ഇതിനുത്തരം തിരുവചനങ്ങളിൽ തിരയുമ്പോൾ പഴയനിയമ ഗ്രന്ഥങ്ങൾപോലും വാചാലമാകും. സർവ്വപ്രതാപവും സമ്പത്തും ആശ്ലേഷിച്ച ജോബിന്റെ ജീവിതം ഒരു നിമിഷംകൊണ്ട് ക്ഷയിച്ചുപോകാൻ ദൈവം അനുവദിച്ചപ്പോൾ നിരാശയെ പുണരാതെ, ജീവിക്കുന്ന ദൈവത്തിലുള്ള വിശ്വാസത്തിന്റെ വാക്കുകൾ അവന്റെ അധരവും ഹൃദയവും വർണ്ണശോഭയുള്ളതാക്കി മാറ്റി എനിക്കു ന്യായം നടത്തിത്തരുന്നവൻ ജീവിക്കുന്നെന്നും അവസാനം അവിടുന്ന് എനിക്കുവേണ്ടി നിലകൊള്ളുമെന്നും ഞാൻ അറിയുന്നു. എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽ നിന്നും ഞാൻ ദൈവത്തെ കാണും (ജോബ് 19:25-27). ജീവനിലുള്ള പ്രത്യാശയുടെ ഒരു നാമ്പുപോലും അവശേഷിക്കാത്ത അസ്ഥികളുടെ താഴ്‌വരയിൽ നിന്ന് എസെക്കിയേൽ പ്രവാചകന്റെ ദർശനത്തിൽ കർത്താവ് അസ്ഥികളോട് അരുളിച്ചെയ്തു. നിങ്ങൾ ജീവൻ പ്രാപിക്കും (എസെ. 37:6). അപ്രകാരം സംഭവിച്ചു. ഏശയ്യാ പ്രവാചകന്റെ പ്രത്യാശയുടെ വിജയഗീതത്തിൽ ദൈവത്തോട് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പറയുന്നു അങ്ങയുടെ മരിച്ചവർ ജീവിക്കും. അവരുടെ ശരീരം ഉയിർത്തെഴുന്നേൽക്കും (ഏശയ്യാ 26:19). ഇതോടൊപ്പം ഭൂമിയിലെ ഒരുവന്റെ പ്രവൃത്തികൾക്കനുസൃതം നിത്യജീവിതത്തിൽ പ്രതിഫലം ലഭിക്കുമെന്ന

> "
> ദൈവം നൽകുന്ന നിത്യജീവനിലുള്ള പ്രത്യാശ എന്താണെന്ന് പഴയനിയമഗ്രന്ഥങ്ങൾ പഠിപ്പിക്കുമ്പോൾ, നിത്യജീവനിലുള്ള പ്രത്യാശയിൽ എങ്ങനെ ജീവിക്കണമെന്ന് പുതിയനിയമ ഗ്രന്ഥങ്ങൾ പ്രബോധിപ്പിക്കുന്നു. ഒന്നാമതായി, ഈശോയുടെ ഉത്ഥാനം നമ്മുടെ ഉത്ഥാനത്തിലേക്കും വിരൽ ചൂണ്ടുന്നു. ആധുനികലോകത്തിന്റെ വശ്യമായ സമൂഹമാധ്യമ വിനോദങ്ങളിലും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിലും മുഴുകാതെ നിത്യജീവിതത്തിനു സഹായിക്കുന്ന ക്രിയാത്മകവും പ്രയോജനകരവുമായ പ്രവൃത്തികൾക്കായി സമയം വിനിയോഗിക്കാൻ ഉത്ഥാനത്തിലുള്ള പ്രത്യാശ നമ്മോട് ആഹ്വാനം ചെയ്യുന്നു. ആദത്തിന്റെ പാപം മൂലമുണ്ടായ മരണത്തെ രണ്ടാം ആദമായ ഈശോ ഉത്ഥാനം വഴി തോൽപ്പിച്ചു.



പ്രത്യാശ ദാനിയേൽ പ്രവാചകൻ നൽകുന്നുമുണ്ട് (ദാനിയേൽ 12:2).

ദൈവം നൽകുന്ന നിത്യജീവനിലുള്ള പ്രത്യാശ എന്താണെന്ന് പഴയനിയമഗ്രന്ഥങ്ങൾ പഠിപ്പിക്കുമ്പോൾ, നിത്യജീവനിലുള്ള പ്രത്യാശയിൽ എങ്ങനെ ജീവിക്കണമെന്ന് പുതിയനിയമ ഗ്രന്ഥങ്ങൾ പ്രബോധിപ്പിക്കുന്നു. ഒന്നാമതായി, ഈശോയുടെ ഉത്ഥാനം നമ്മുടെ ഉത്ഥാനത്തിലേക്കും വിരൽ ചൂണ്ടുന്നു. ആധുനികലോകത്തിന്റെ വശ്യമായ സമൂഹമാധ്യമ വിനോദങ്ങളിലും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിലും മുഴുകാതെ നിത്യജീവിതത്തിനു സഹായിക്കുന്ന ക്രിയാത്മകവും പ്രയോജനകരവുമായ പ്രവൃത്തികൾക്കായി സമയം വിനിയോഗിക്കാൻ ഉത്ഥാനത്തിലുള്ള പ്രത്യാശ നമ്മോട് ആഹ്വാനം ചെയ്യുന്നു. ആദത്തിന്റെ പാപം മൂലമുണ്ടായ മരണത്തെ രണ്ടാം ആദമായ ഈശോ ഉത്ഥാനം വഴി തോൽപ്പിച്ചു. നമുക്ക് ആ നിത്യജീവന്റെ സന്ദേശവാഹകരാകാം (1 കോറി. 15:20-22, റോമ 5:12, ഉത്പ. 2:17, യോഹ 10:10) രണ്ടാമതായി, ഈശോയിലുള്ള അടിയുറച്ച വിശ്വാസം ഉത്ഥാനത്തിന്റെ പ്രത്യാശയിൽ ജീവിക്കാൻ നമ്മെ സഹായിക്കുന്നു (യോഹ. 11:25-26). കാരണം വഴിയും സത്യവും ജീവനും ഈശോ തന്നെയാണ് (യോഹ 14:6, റോമ 6:23, യോഹ 8:24, ഫിലിപ്പി 3:20-21). ഈ വിശ്വാസം പ്രായോഗിക തലത്തിലെത്തുന്നത് ജീവൻ നൽകുന്ന ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്ന കുടുംബങ്ങളിൽ വളർത്തിയെടുക്കുന്ന വിശ്വാസചൈതന്യത്തിലാണ്. ഉത്ഥാനത്തിലുള്ള പ്രത്യാശ നമ്മുടെ വേദനകളിലും ദുഃഖങ്ങളിലും കണ്ണീരൊപ്പുന്ന സൗഖ്യദായകനായ ഈശോയുടെ സാമീപ്യം പ്രദാനം ചെയ്യുന്നു. നശ്വരതയിൽനിന്ന് പിൻവാങ്ങി അനശ്വരമായവയിലേക്ക് ദൃഷ്ടിയുറപ്പിക്കാൻ സാധിച്ചാൽ നമ്മുടെ ഈ ലോകജീവിതം ധന്യമാകും. അങ്ങനെ നശ്വരമായത് അനശ്വരതയും മർത്യമായത് അമർത്യതയും പ്രാപിച്ചുകഴിയുമ്പോൾ മരണത്തെ വിജയം ഗ്രസിച്ചു എന്നെഴുതപ്പെട്ടത് യാഥാർത്ഥ്യമാകും (ഏശയ്യാ 28:8), 1 കോറി 15:54).





# ലഹരിയ്ക്കെതിരെ



**ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ**

" ഓരോ ഞായറാഴ്ചയും ഇടവകദേവാലയത്തിൽ ഒരുമിച്ചുകൂടി ദൈവവചനം ശ്രവിച്ചു ഹൃദയം ജ്വലിപ്പിക്കുകയും മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരണമായ പരിശുദ്ധ കുർബാനയിൽ സംബന്ധിച്ച് ഈശോയെ അനുഭവിക്കുകയും ചെയ്യുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നു.

പ്രബുദ്ധ കേരളമെന്നാണ് നമ്മൾ അഭിമാനത്തോടെ വിശേഷിപ്പിക്കാറുള്ളത്. വലിപ്പം അടിസ്ഥാനമാക്കിയാൽ കൊച്ചു സംസ്ഥാനമാണ് കേരളം. എന്നാൽ നമ്മൾ വളർത്തിക്കൊണ്ടുവന്നിരിക്കുന്നത് ഒട്ടും ചെറുതല്ലാത്ത നേട്ടങ്ങളാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാവുന്ന തരത്തിലുള്ള നേട്ടമാണ് വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും നമ്മൾ സ്വന്തമാക്കിയിരിക്കുന്നത്. സാമൂഹിക സുസ്ഥിതിയേയും പൊതുജനാരോഗ്യത്തെയും വെല്ലുവിളി ക്കുന്ന രീതിയിലാണ് നമ്മുടെ മദ്യപാനശീലം. മുഖ്യഭക്ഷ്യധാന്യമായ അരി വാങ്ങാൻ

ചെലവിടുന്നതിന്റെ മൂന്നിരട്ടിയിലേറെ തുക മദ്യം വാങ്ങാൻ മലയാളി വർഷംതോറും ചെലവിടുന്നുണ്ട്. ദൈവത്തിന്റെ സ്വന്തം നാട് ഇന്ന് മദ്യത്തിന്റെ ഉന്മാദലഹരിയിലാണ്. സാക്ഷരകേരളം രാക്ഷസകേരളമായി മാറുകയാണ്. കുട്ടികളും യുവജനങ്ങളും മുതിർന്നവരും അതിവേഗം മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കും അടിമകളാകുന്നു. കുടുംബഭദ്രത തകരുന്നു. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ജനതയുടെ ക്ഷേമത്തിനാണ് പ്രാധാന്യം നൽകേണ്ടത്.

രാജ്യത്തിന്റെ ധാർമ്മിക നിലവാരം സംരക്ഷിക്കുക. ജനങ്ങളുടെ ആരോഗ്യം പരിപാലിക്കുക. ജീവിത നിലവാരം ഉയർത്തുക. ഇവയെല്ലാം അതിൽ പ്രധാനപ്പെട്ടതാണ്. മദ്യത്തിന്റെയും ലഹരിപദാർത്ഥങ്ങളുടെയും ലഭ്യതയാണ് ആസക്തിയുടെ പ്രേരകഘടകം. അതിനാൽ ലഭ്യത പരിപൂർണ്ണമായും കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ ഉത്തരവാദിത്വം. കിട്ടാനുള്ള എളുപ്പമാണ് ഉപയോഗിക്കാനുള്ള പ്രേരണ നൽകുന്നത്. ഒരാൾ ലഹരി ഉപയോഗിക്കുമ്പോൾ അതിനിരട്ടി ജനങ്ങൾ അസ്വസ്ഥമായ മനസ്സോടെ വീടുകളിൽ ഇരിപ്പുണ്ട് എന്ന് സർക്കാർ മനസ്സിലാക്കണം. മയക്കം വിട്ടുണരണം. കേരളത്തിലൊഴുകുന്ന ലഹരിയുടെ ഉറവിടം കണ്ടെത്താൻ കഴിയണം. നിരോധനങ്ങൾ ഏർപ്പെടുത്തണം. നിയമലംഘനങ്ങൾക്കെതിരെ കർശന നടപടിയെടുക്കണം. ഭരണസംവിധാനങ്ങൾ സജ്ജമാകണം. സർക്കാരും സർക്കാർ സംവിധാനങ്ങളും ലഹരിയെ പ്രതിരോധിക്കാൻ ശക്തമായ നിലപാട് സ്വീകരിക്കണം. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമൂഹിക, സാംസ്കാരിക മതസംഘടനകൾ യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ എന്നിവയി

രാജ്യത്തിന്റെ ധാർമ്മിക നിലവാരം സംരക്ഷിക്കുക. ജനങ്ങളുടെ ആരോഗ്യം പരിപാലിക്കുക. ജീവിത നിലവാരം ഉയർത്തുക. ഇവയെല്ലാം അതിൽ പ്രധാനപ്പെട്ടതാണ്. മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യതയാണ് ആസക്തിയുടെ പ്രേരകഘടകം. അതിനാൽ ലഭ്യത പരിപൂർണ്ണമായും കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ ഉത്തരവാദിത്വം. കിട്ടാനുള്ള എളുപ്പമാണ് ഉപയോഗിക്കാനുള്ള പ്രേരണ നൽകുന്നത്. ഒരാൾ ലഹരി ഉപയോഗിക്കുമ്പോൾ അതിനിരട്ടി ജനങ്ങൾ അസ്വസ്ഥമായ മനസ്സോടെ വീടുകളിൽ ഇരിപ്പുണ്ട് എന്ന് സർക്കാർ മനസ്സിലാക്കണം. മയക്കംവിട്ടുണരണം. കേരളത്തിലൊഴുകുന്ന ലഹരിയുടെ ഉറവിടം കണ്ടെത്താൻ കഴിയണം.



ലൂടെയെല്ലാം ലഹരിക്കെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തണം. ദൃശ്യമാധ്യമങ്ങളിലും പ്രസിദ്ധീകരണങ്ങളിലും ലഹരിവിരുദ്ധ സന്ദേശപ്രചാരണ പരിപാടികൾ ആരംഭിക്കണം. എല്ലാ തലങ്ങളിലും ലഹരിക്കെതിരെ ജാഗ്രതാ സെല്ലുകൾ, ലഹരിവിരുദ്ധക്ലബുകൾ, കർമ്മ സമിതികൾ, എന്നിവ രൂപീകരിക്കണം. പ്രധാനസ്ഥലങ്ങളിലെല്ലാം ലഹരി വിരുദ്ധ ബോർഡുകൾ സ്ഥാപിക്കണം. പോലീസ്, എക്സൈസ് സംവിധാനങ്ങളെ വിവരങ്ങൾ അറിയിക്കാനുള്ള നമ്പരുകൾ പ്രദർശിപ്പിക്കണം. ലഹരിയാസക്തരെ കണ്ടെത്തി ചികിത്സാകേന്ദ്രങ്ങളിൽ എത്തിക്കണം. നല്ല കുടുംബപരിസരം ഒരുക്കണം. വീട്ടിൽ കളിയും, വിനോദങ്ങളും തുറന്ന സംസാരങ്ങളും ഉണ്ടാകണം. കുട്ടികൾക്ക് കളിക്കാൻ പ്രോത്സാഹനങ്ങളും സുരക്ഷിതമായ കളിസ്ഥലങ്ങളും വേണം. മക്കളുടെ കൂട്ടുകാരെ വീട്ടിൽ തുറന്ന മനസ്സോടെ സ്വീകരിക്കുകയും അവരോട് മാതാപിതാക്കൾ നല്ല ബന്ധം പുലർത്തുകയും വേണം. കുട്ടികളുടെ മൊബൈൽ പ്രൈവസി അനുവദിക്കാതിരിക്കണം. കുട്ടികൾക്ക് സ്വാതന്ത്ര്യംനൽകണം. അതുപോലെ അവരുടെ മേലുള്ള നിരീക്ഷണവും ഒരുമിച്ചുപോകണം. മാതാപിതാക്കൾ അറിയാതെ പാഴ്സലുകൾ ഒന്നും കുട്ടികളെത്തേടിയെത്തുന്നില്ല എന്ന് ഉറപ്പുവരുത്തണം. നിരീക്ഷിക്കുന്നുണ്ട് എന്ന് അവരോട് മുൻകൂട്ടി പറയണം. മാതാപിതാക്കൾ മക്കളെ നിരീക്ഷിക്കുന്നത് സംശയമല്ല, കടമയാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം. ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ശകാരമല്ല തുറന്ന സംസാരമാണ് വേണ്ടത്. അനുദിനം വിശാലമാകുന്ന ലഹരിയുടെ ലോകം പുത്തൻ ഉല്പന്നങ്ങളുമായി കടന്നുവരുന്നു. ലഹരിയുടെ വിപത്തുകൾ ചൂണ്ടിക്കാണിക്കുന്ന, നാടിനെ ഉണർത്താൻ കഴിയുന്ന, കർമ്മപരിപാടികൾ ആവിഷ്കരിക്കണം. നമ്മുടെ ചുറ്റുപാടുകളിൽനിന്ന്, കടകളിൽ നിന്ന്, സ്കൂൾ, കോളേജ് ക്യാമ്പസുകളിൽനിന്ന്, ജോലിയിടങ്ങളിൽ നിന്ന് സംരക്ഷിതരാകണം. നമ്മുടെ കൂട്ടുകാരെ രക്ഷിക്കണം. നാം വഞ്ചിക്കപ്പെടരുത്. ആരെയും നാം വഞ്ചിക്കരുത്. ലഹരിക്കടിമപ്പെട്ടവർക്ക് അടിയന്തിര കൗൺസിലിംഗ് നൽകണം. ചികിത്സാസഹായം നൽകണം. കച്ചവടമേഖലകളെക്കുറിച്ച് അറിവുകിട്ടിയാൽ അടിയന്തിരമായി അറിയിക്കേണ്ടവരെ അറിയിക്കുകയും അറിയിച്ചവർക്ക് ഭയം കൂടാതെ സമൂഹത്തിൽ ജീവിക്കാൻ സുരക്ഷിതത്വം കൊടുക്കുകയുംവേണം. വില്പന താവളങ്ങളെക്കുറിച്ച് അറിവുകിട്ടിയാൽ ഉത്തരവാദിത്വപ്പെട്ടവരെ അറിയിക്കണം. കൂട്ടായ പരിശ്രമം വേണം. ഒന്നിച്ചുണരണം. ഒന്നിച്ചു പ്രവർത്തിക്കണം. പരസ്പരം പഴിചാരുന്നവരാകരുത്. വിവേകത്തോടെ പ്രവർത്തിക്കണം. ചുറ്റുപാടുകൾ മനസ്സിലാക്കണം. കർശനമായ ശിക്ഷാനടപടികൾക്ക് രൂപം കൊടുക്കണം.

വിശാലമായ സാമൂഹിക പ്രതിരോധം തീർക്കണം. നിയമനടപടികൾ കർശനമാക്കണം. നാടിന്റെ ഭാവിയെ ഇരുട്ടിൽ തള്ളിവിടരുത്. നാം ആർജ്ജിച്ചെടുത്ത ഉയർന്ന ജീവിതഗുണനിലവാരത്തിനും സാമൂഹിക പ്രബുദ്ധതയ്ക്കും ഭീഷണിയാണ് ലഹരി ഉയർത്തുന്നത്. ലഹരി ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ, മാനസിക പ്രശ്നങ്ങൾ ഇവകൾ തരണം ചെയ്യേണ്ടത് അടിയന്തിര കർത്തവ്യമാണ്. ലഹരിവ്യാപനം സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യം നിസ്സാരമായി കാണരുത്. സിനിമകളിലും മറ്റു കലാരൂപങ്ങളിലും ലഹരിയുടെ ഉപയോഗം പൂർണ്ണമായി വർജ്ജിക്കണം. ലഹരി ഉപയോഗിക്കുന്നത് നല്ലതാണെന്ന് പറയുന്ന കുട്ടികളുടെ അഭിപ്രായങ്ങളെ അതിന്റെ കാരണങ്ങളെ ശ്രദ്ധാപൂർവ്വം ചോദ്യങ്ങൻ ചോദിച്ച് തുറന്ന മനസ്സോടെ കേൾക്കുവാൻ സമയം കണ്ടെത്തണം. മസ്തിഷ്ക വളർച്ച പുരോഗമിക്കുന്ന കൗമാരപ്രായത്തിൽ മദ്യവും പുകയിലയും മറ്റു ലഹരിവസ്തുക്കളും ഉപയോഗിക്കുന്നതുവഴി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്ന് പഠിപ്പിക്കണം. ശ്രദ്ധക്കുറവുള്ള കുട്ടികളെ ശ്രദ്ധിക്കണം. ലഹരി ഉപയോഗം ശാരീരികവും മാനസികവുമായ പ്രശ്നമാണ്. ആരോഗ്യ പ്രശ്നമാണ്. പൊതുജനാരോഗ്യപ്രശ്നമാണ്. നല്ല കുടുംബസാഹചര്യം കിട്ടാതെ പോയ കുട്ടികളെ മോശക്കാരാകാൻ വിടാതിരിക്കാൻ സമൂഹം കരുതലോടും സ്നേഹത്തോടും മുന്നോട്ടു വരണം. കൗമാരപ്രായക്കാർ ലഹരിയുടെ കെണിയിൽ വീഴുന്നത് സമൂഹത്തിന്റെ വീഴ്ചയാണ്. കെണിവെക്കുന്നവർക്കെതിരെ ജാഗ്രതവേണ്ടത് കുട്ടികൾക്ക് മാത്രമല്ല. സമൂഹത്തിനും ജാഗ്രത ആവശ്യമാണ്. നമ്മുടെ കുട്ടികൾക്ക് ചുറ്റുമുള്ള ചെറിയ ഇടങ്ങൾ സുരക്ഷിതമാക്കാൻ മുന്നോട്ടുവരേണ്ടത് മുതിർന്നവരാണ്. സ്കൂൾതലത്തിലും റെസിഡെൻഷ്യൽ തലത്തിലും കുട്ടികളുടെ പങ്കാളിത്തമുള്ള പ്രോഗ്രാമുകളാണ് ഏറെ ഫലപ്രദം. കൗമാരക്കാർക്ക് കായിക ഉല്ലാസങ്ങളും ആരോഗ്യപ്രദമായ വിനോദങ്ങളും പ്രോത്സാഹിപ്പിക്കണം. കുട്ടികൾക്കായി സുരക്ഷിതതത്വമുള്ള കളിക്കളങ്ങൾ തുറന്നുകൊടുക്കണം. കുട്ടികളെ ലഹരിക്കടിമപ്പെടുത്താൻ വരുന്ന വ്യക്തികളെ തിരിച്ചറിയാനും അവരെ അതിൽനിന്ന്പിന്തിരിപ്പിക്കാനും സാധിക്കണം. നമ്മുടെ നമ്മുടെ രാജ്യത്തിന്റെ നിയമങ്ങൾ കൂടുതൽ കർക്കശമായ രീതിയിൽ പ്രവർത്തിക്കണം. സമൂഹത്തിന്റെ ചുറ്റുപാടുകളെ യാഥാർത്ഥ്യബോധത്തോടെ കാണാൻ കഴിയണം. ശക്തമായ നിലപാടെടുക്കാനും പഴുതടച്ച പദ്ധതികൾ ആവിഷ്കരിക്കാനും സാമൂഹ്യപ്രവർത്തകർ സജ്ജരാകണം. ലഹരിവിമുക്തനാടായി മാറാൻ അണയാത്ത ദീപങ്ങളായി പ്രവർത്തിക്കാം.



# കരുണാർത്ഥന

2018 ൽ ചങ്ങനാശേരി പ്രദേശത്തുള്ള കുറച്ച് അൽമായരുടെ നേതൃത്വത്തിൽ സഭയ്ക്കുവേണ്ടിയും കുടുംബങ്ങൾക്കുവേണ്ടിയും വ്യക്തികളുടെ നവീകരണത്തിനുവേണ്ടിയും ആണ് നാല്പതു ദിനരാത്ര കരുണാർത്ഥന പ്രാർത്ഥന ചങ്ങനാശേരി കബറടക്കപ്പള്ളിയിൽ രൂപം കൊടുത്തത്.

ഈ കാലഘട്ടങ്ങളിൽ സഭയിൽ ഉടലെടുത്തിട്ടുള്ള അനൈക്യവും കുടുംബങ്ങളും വ്യക്തികളും അഭിമുഖീകരിക്കുന്ന വിശ്വാസരാഹിത്യം, മാനസിക വിഷമതകൾ, കുടുംബങ്ങളിലെ അധാർമ്മികത, മദ്യവും മയക്കുമരുന്നിലേയ്ക്കുള്ള മനുഷ്യന്റെ ആശ്രയത്വവും, കുടുംബ ബന്ധങ്ങളിലുള്ള അകൽച്ചയും ആത്മഹത്യകളും സാമ്പത്തിക തകർച്ചകളും നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അൽമായർ ബഹുമാനപ്പെട്ട ചങ്ങനാശേരി മെട്രോപ്പോലീത്തൻ പള്ളിയിലെ വികാരി കുര്യൻ പുത്തൻപുര അച്ചനെ കാര്യങ്ങൾ ബോധിപ്പിച്ചു.

അച്ചന്റെ നിർദ്ദേശപ്രകാരം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ അടുത്തു പോവുകയും വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. ചങ്ങനാശേരിയിലും നമ്മുടെ സഭയിലും ദേശത്തും നടക്കുന്ന അധാർമ്മികതയെപ്പറ്റി പിതാവിനെ ബോധിപ്പിക്കുകയും ചെയ്തു. നമ്മുടെ യുവജനങ്ങൾപോലും ആത്മഹത്യയിൽ രക്ഷ കണ്ടെത്തുന്ന പല സംഭവങ്ങളും നടക്കുകയുണ്ടായി. ചങ്ങനാശേരി മാർക്കറ്റ് ഉൾപ്പെടെയുള്ള ബിസ്സിനസ്സ്കാരുടെ തകർച്ചയും അനുബന്ധ സംഭവങ്ങളും പിതാവിനെ ബോധിപ്പിക്കുകയുണ്ടായി. അൽമായരായ ഞങ്ങളുടെ




ആവശ്യം 33 ദിവസം മാതാവിന്റെ വിമലഹൃദയത്തിന് സഭയെയും, കുടുംബങ്ങളെയും വ്യക്തികളെയും സമർപ്പിച്ച് പ്രാർത്ഥിക്കണമെന്നുള്ളതാണെന്ന് അറിയിച്ചു.


പിതാവ് ആലോചിച്ച് അറിയിക്കാമെന്നു പറഞ്ഞു. ബഹു. വികാരിയച്ചനോട് 40 ദിനരാത്രങ്ങൾ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ച് ആരാധിക്കുവാനും, യാമപ്രാർത്ഥനകൾ നടത്തുവാനും ജപമാലയും കുരിശിന്റെ വഴിയും, മറ്റു സഭാത്മകമായ പ്രാർത്ഥനകളും നടത്തുവാനും കല്പനയായിതന്നു കൂടാതെ ഈ 40 ദിവസവും വൈകുന്നേരം 6-9 പി.എം. വരെ പ്രമുഖ വചനപ്രഘോഷകരുടെ നേതൃത്വത്തിൽ ആരാധനയും നടത്തിപ്പോരുന്നു.

ആദ്യവർഷം ബഹു. ഡൊമിനിക് വാളമ്നാൻ അച്ചന്റെ നേതൃത്വത്തിൻ ചങ്ങനാശേരി മാർക്കറ്റും പരിസരപ്രദേശവും വെഞ്ചരിപ്പു നടത്തി. തുടർന്ന് എല്ലാ കടകളും വെഞ്ചരിക്കുകയും ചെയ്തു. ദൈവകൃപയാൽ ഈ വർഷവും മാർച്ച് 2 മുതൽ ഏപ്രിൽ 11 വരെ ഈ കരുണാർത്ഥന ശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നു.

ഫാ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെയും അസിസ്റ്റന്റ് വികാരിമാരുടെയും നേതൃത്വത്തിൽ ഈ വർഷവും വളരെ ഭക്തിപൂർവ്വം നടത്തുവാൻ സാധിക്കുന്നു. വലിയ ആത്മീയ ഉണർവ്വ് നമ്മുടെ ഇടയിൽ അനുഭവവേദ്യമാകുന്നു. സർവ്വശക്തനായ ദൈവത്തിന് ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നതിനോടൊപ്പം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിനോടും മെട്രോപ്പോലീത്തൻ പള്ളിയിലെ മാറി മാറിവരുന്ന വികാരിയച്ചന്മാർക്കും അസിസ്റ്റന്റ് അച്ചന്മാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

പ്രാർത്ഥനയോടെ,

കരുണാർത്ഥന കമ്മിറ്റിയംഗങ്ങൾ



# ഇടവകവാർത്തകൾ

## സ്വാഗതം

മെത്രാപ്പോലിത്തൻ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി ആരംഭിച്ച് വിവിധ ഇടവകയിലെ സ്തുത്യർഹമായ ശുശ്രൂഷകൾക്കുശേഷം ചമ്പക്കുളം ബസിലിക്കാപള്ളി റെക്ടർ, ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ ഇപ്പോൾ കത്തീഡ്രൽ പള്ളിയുടെ വികാരിയായി നിയമിതനായ പെരിയ ബഹു. ജോസഫ് വാണിയപ്പുരക്കൽ അച്ചനും പൗരോഹിത്യം സ്വീകരിച്ച് ഇതാദ്യമായി കത്തീഡ്രൽ പള്ളിയിൽ ശുശ്രൂഷക്കായി നിയമിതനായ ബഹു. സിറിൾ കളരിക്കൽ അച്ചനും ചമ്പക്കര ഇടവക പള്ളിയിലെ ആദ്യശുശ്രൂഷ ഇടവകയിൽനിന്നും നമ്മുടെ ഇടവകദൈവാലയത്തിലെ ശുശ്രൂഷക്കായി നിയമിതനായ ബഹു. ഷെറിൻ കുറശേരി അച്ചനും ഇടവക കുടുംബകൂട്ടായ്മയുടെ ഹൃദ്യമായ സ്വാഗതം.

## ഹോംമിഷൻ - 2025

സെന്റ് മേരീസ് മെത്രാപ്പോലിത്തൻ ഇടവകയ്ക്ക് പുത്തൻ ഉണർവേകി 2025 മാർച്ച് 10 മുതൽ 18 വരെ നടന്ന ഹോംമിഷൻ - 2025 ബഹു. ഡാനിയേൽ പൂവണ്ണത്തിൻ അച്ചൻ നയിച്ച ജൂബിലി വർഷ ബൈബിൾ കൺവൻഷന്റെ സമാപനദിനത്തിൽ കൺവൻഷൻ വേദിയിൽവച്ച് അച്ചന്റെ സാന്നിധ്യത്തിൽ ഹോംമിഷൻ - 2025 ടീമംഗങ്ങളായ ബഹു. സിസ്റ്റേഴ്സിനെ അഭിവന്ദ്യ തറയിൽ പിതാവ് പ്രവർത്തനങ്ങൾ സുഗമമാകാൻ വേണ്ട കൃപയ്ക്കായി പ്രാർത്ഥിക്കുകയും ആശീർവ്വദിക്കുകയും ചെയ്തു. വർഷങ്ങൾക്കുശേഷം നടന്ന ഹോംമിഷൻ - 2025 പ്രവർത്തനങ്ങൾക്ക് ബഹു. വികാരി വാണിയപ്പുരയ്ക്കൽ ജോസപ്പച്ചൻ, ബഹു. മുളങ്ങാശേരി മാത്യു അച്ചൻ, അറക്കത്തറ നിഖിലച്ചൻ, ബഹു. കുറശ്ശേരി

ഷെറിനച്ചൻ, ബഹു. കളരിക്കൽ സിറിൽ അച്ചൻ, റവ. സി. ചെറുപുഷ്പം എസ്.എ.ബി.എസ്., റവ. സി. ജീവ സി.എം.സി., റവ. സി. ബെറ്റി റോസ് എസ്.എ.ബി.എസ്., കുടുംബകൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ എന്നിവർ നേതൃത്വം നൽകി.

എസ്.എ.ബി.എസ്., സിം.എം.സി., എഫ്.സി.സി., എസ്.എച്ച്., എം.എൽ.എഫ്., എഫ്.ഡി.എസ്.എച്ച്.ജെ., അഡോറസ് തുടങ്ങിയ 7 കോൺഗ്രിഗേഷനിലെ സമർപ്പിതർ ഹോം മിഷനിൽ സജീവമായി പങ്കു കൊണ്ടു. 10 വാർഡുകളിലായി 74 കൂട്ടായ്മകളായി വ്യാപിച്ചുകിടക്കുന്ന ഇടവകയിൽ മാർച്ച് 10 ന് കത്തീഡ്രൽ വാർഡിലെ 7 കൂട്ടായ്മകളിൽ ഹോംമിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മാർച്ച് 11 ന് അങ്ങാ ടി-പോത്തോട് വാർഡിലെ (11 കൂട്ടായ്മകളുള്ള) 7 കൂട്ടായ്മകളും മാർച്ച് 12 ന് അങ്ങാടി-പോത്തോട് വാർഡിലെ ബാക്കിവരുന്ന 4 കൂട്ടായമകളും വെജിറ്റബിൾ മാർക്കറ്റ് വാർഡിലെ 4 കൂട്ടായ്മകളും മാർച്ച് 13 ന് ഫിഷ് മാർക്കറ്റ് വാർഡിലെ 5 കൂട്ടായ്മകളും കാക്കാംതോട് വണ്ടിപ്പേട്ട മഞ്ചാ ടിക്കര വാർഡിലെ (9 കൂട്ടായമകളുള്ള) 4 കൂട്ടായ്മകളും, മാർച്ച് 14 ന് കാക്കാംതോട് വഞ്ചിപ്പേട്ട മഞ്ചാടിക്കര വാർഡിലെ ബാക്കിവരുന്ന 5 കൂട്ടായ്മകളും മറ്റും പൂവക്കാട്ടുചിറ വാർഡിലെ (9 കൂട്ടായ്മകളുള്ള) 2 കൂട്ടായ്മകളും ഹോംമിഷൻ നടത്തി. അതോടൊപ്പം തന്നെ ഗദ്സമനി വാഴപ്പള്ളി വാർഡിലെ 17 കൂട്ടായ്മകൾ മാർച്ച് 14, 15, 16 തീയതികളിൽ സിസ്റ്റേഴ്സ് ഭവനസന്ദർശനം നടത്തുകയുണ്ടായി. മാർച്ച് 17 ന് മറ്റം പൂവക്കാട്ടുചിറയിലെ 7 കൂട്ടായ്മകളും പാസ്റ്ററൽ സെന്റർ വാർഡിലെ 3 കൂട്ടായ്മകളും മാർച്ച് 18 ന് അസംപ്ഷൻ വാർഡിലെ 9 കൂട്ടായ്മകളും ഹോംമിഷൻ പ്രവർത്തനങ്ങൾ നടത്തി. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരക്കലിന്റെ അദ്ധ്യക്ഷതയിൽ എല്ലാ സന്യാ സിനി സമൂഹത്തിലെയും പ്രതിനിധികളുടെ വിവിധ മീറ്റിംഗുകൾ ചേർ ന്ന് രൂപരേഖ തയ്യാറാക്കി. തുടർന്ന് ഓരോ കൂട്ടായ്മയിലെയും അതതു സിസ്റ്റേഴ്സിന്റെ സഹകരണത്തോടെ ആളുകളുള്ള ഭവനങ്ങളുടെ ലി സ്റ്റ് തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓരോ കൂട്ടായ്മയും ഒരു ദിവസം കൊണ്ട് പൂർത്തീകരിക്കുക, ഒരു ഭവനത്തിൽ 45 മിനിറ്റ് സമയം മിനിമം ചെലവഴിക്കുക, രണ്ടു സിസ്റ്റേഴ്സ് വീതമുള്ള ഒരു ടീമിന് ഒരു ദിവസം 8 മുതൽ 10 വരെ ഭവനങ്ങൾ, സന്ദർശിക്കുക എന്നീ ക്രമീകര ണങ്ങൾ ഭംഗിയായി നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ട്. ഓരോ ദിവസവും 8.30 മണിക്ക് മറ്റെല്ലാവരും പള്ളിയിൽ ഒത്തുചേർന്ന് പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചന്റെ പ്രാർത്ഥനയോടുകൂടി നിർദ്ദേശ ങ്ങൾ പങ്കുവെച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ഹോംമിഷൻ സിസ്റ്റേഴ്സിനെ കൊണ്ടുപോകുവാനും ഭവനങ്ങൾ ക്രമീകരിക്കുവാനും ഭക്ഷണം ഒരുക്കാനും തിരികെ പള്ളിയിലെത്തിക്കാനും ഓരോ കൂട്ടായ്മ ലീഡേഴ്സും കാട്ടിയ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയം തന്നെ.

ഹോംമിഷന്റെ സമാപനദിനമായ മാർച്ച് 18 വൈകുന്നേരം 5 മണിക്ക് പാരീഷ് ഹാളിൽ ചേർന്ന അവലോകന യോഗത്തിൽ വികാരി വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ കുടുംബകൂട്ടായ്മ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. നിഖിൻ അറക്കത്തറ, റവ. ഫാ. മാത്യു മുളങ്ങാശേരി, റവ. ഫാ. നിഖിൽ അറക്കത്തറ, റവ. ഫാ. ഷെറിൻ കുറശേരി, റവ. ഫാ. സിറിൾ കളരിക്കൽ റവ. സി. ചെറുപുഷ്പം എസ്.എ.ബി.എസ്., സോഷ്യൽ വർക്ക് കൗൺസിലർ റവ. സി. ബെറ്റി റോസ് എസ്.എ.ബി.എസ്., റവ. സി. ജീവ സിഎംസി, റവ. സി. ലെറ്റ്സി എഫ്സിസി, റവ. സി. ബിസ്ബത്ത് എഫ്.ഡി.എസ്.എച്ച്.ജെ., കൈക്കാരൻ ശ്രീ. ബിനോ പാറക്കടവിൽ, ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ എന്നിവർ പ്രസംഗിച്ചു. റവ. സിസ്റ്റർ ജിഫി എസ്എബിഎസ്ന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച് വികാരിയച്ചന്റെ സമാപനാശീർവ്വാദത്തോടെ സമാപിച്ചു.

## വിശുദ്ധ ഔസേപ്പിതാവിന്റെ മരണത്തിരുനാൾ

മാർച്ച് 19ന് ചന്തക്കടവ് തിരുകുടുംബ ദേവാലയത്തിൽ സാഘോഷം കൊണ്ടാടി. തിരുനാൾ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചത് കത്തീഡ്രൽ പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ജോസഫ് വാണിയപുരയ്ക്കൽ അച്ചനായിരുന്നു. ബഹുമാനപ്പെട്ട ജോസഫ് കുറശ്ശേരി അച്ചനും സിറിൽ കളരിക്കൽ അച്ചനും സഹകാർമികരായി. വിശ്വാസികൾക്കുള്ള ഊട്ടുനേർച്ചയ്ക്ക് വേണ്ടിയുള്ള ഒരുക്കങ്ങൾ മാസങ്ങൾക്ക് മുൻപേ തുടങ്ങിയതാണ് എങ്കിലും തലേ ദിവസത്തെ മാതാപിതാക്കളുടെയും കുട്ടികളുടെയും നിസ്വാർത്ഥമായ അധ്വാനം യൗസേപ്പ് പിതാവിനോടുള്ള ഭക്തി വിളിച്ചറിയിക്കുന്നതായിരുന്നു



## വിശ്വാസോത്സവം 2025

ഈ വർഷത്തെ വിശ്വാസോത്സവം മാർച്ച് 31 മുതൽ ഏപ്രിൽ 9 വരെ നടത്തപ്പെട്ടു. കത്തീഡ്രൽ ഇടവകയിലെ കുട്ടികൾക്കായി വലിയ പള്ളി







യിലും വാഴപ്പള്ളി മഠത്തിലും അസംപ്ഷൻ കോളേജിലും വെച്ചായിരുന്നു ക്ലാസുകൾ. കളിയും ചിരിയും പ്രാർത്ഥനയും പഠനവും റാലിയും എക്സിബിഷനും ഒക്കെയായി ഈ വർഷത്തെ വിശ്വാസോത്സവം മനോഹരമായി. അധ്യാപകരും കുട്ടികളും വൈദികരും മാതാപിതാക്കളും കൂട്ടായ്മ നേതൃത്വവും  അകമഴിഞ്ഞ് സഹകരിച്ചത് കൊണ്ട് ഈ ജൂബിലി വർഷത്തിലെ വിശ്വാസോത്സവം കുട്ടികൾക്ക് ഒരു അനുഭവമായി മാറി.

## ഏകദിനവിനോദയാത്ര

2019–22, 2023–26 എന്നീ കാലഘട്ടങ്ങളിലെ നമ്മുടെ ഇടവകയിലെ കുടുംബകൂട്ടായ്മ പ്രസിഡന്റ്, സെക്രട്ടറി,പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി ഏർപ്പെടുത്തിയ ഏകദിന വിനോദയാത്ര 2025 ഫെബ്രുവരി 10 തിങ്കളാഴ്ച രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 7 മണിയോടെ തിരിച്ചെത്തി. പെരിയ ബഹു. കൊച്ചുപറമ്പിൽ ജോസച്ചൻ, ബഹു. തുണ്ടുകളം ലിപിനച്ചന്റെ ബഹു. കടവനാട്ട് ജെറിനച്ചൻ, ബഹു. തൂമ്പുങ്കൽ എന്നിവരുടെ നേതൃത്വത്തിൽ കൂട്ടായ്മയിൽനിന്നും കൗൺസിലിൽനിന്നുമായി അമ്പതിനടുത്ത് ആളുകൾ വിനോദയാത്രയിൽ പങ്കുകൊണ്ടു.

## അതിരൂപതാ ബൈബിൾ കൺവെൻഷൻ

ചങ്ങനാശേരി അതിരൂപതയുടെ 26–ാമത് ജൂബിലിവർഷം ബൈബിൾ കൺവൻഷൻ 2025 മാർച്ച് 4 മുതൽ 8 വരെ മെത്രാപ്പോലിത്തൻ ദൈവാലയത്തിൽ നടന്നു. ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ ആത്മവിശ്വാസത്തോടെ നേരിടാൻ കോവിഡാനന്തര തലമുറയ്ക്ക് സാധിക്കുന്നില്ലെന്നും വിശ്വാസത്തിൻ ആഴപ്പെടുക മാത്രമാണ് ഇതിനുള്ള പരിഹാരമെന്നും, വേദനയായാലും സന്തോഷമായാലും ദൈവത്തിന്റെ പക്കൽ എല്ലാറ്റിനും മറുപടിയുണ്ടെന്ന് മനസ്സിലാക്കണമെന്നും ജൂബിലി കൺവെൻഷൻ ഉദ്ഘാടനം നിർവ്വഹിച്ച ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ തോമസ് തറയിൽ

*ശേഷം പേജ് 25*

## അതിരൂപതാ ബൈബിൾ കൺവൻഷൻ - മാർച്ച് 4-8









ഫീസ്റ്റ് ഓഫ് സെന്റ് ജോസഫ്സ്









എ.കെ.സി.സി.





ഫീസ്റ്റ് ഓഫ് മാർ ജോസഫ് പെരുന്തോട്ടം



ഫൊറോനാ കൗൺസിൽ



മാതൃ-പിതൃവേദി




**അഭിവന്ദ്യ പടിയറ പിതാവിന്റെ**
**25-ാം ചരമവാർഷികാചരണം**
**മാർച്ച് 17**









**അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ**
**2-ാം ചരമവാർഷികാചരണം**
**മാർച്ച് 17**







**ഹോം മിഷൻ**




കരുണാർത്ഥന





# വിഭൂതി 2025






കെ.എൽ.എം.























## നന്ദി...

**2024-25 വർഷങ്ങളിൽ ശുശ്രൂഷ ചെയ്ത് സ്ഥാനമൊഴിയുന്ന കൈക്കാരന്മാർക്ക് ഇടവക കുടുംബത്തിന്റെ നന്ദി.**


ലാലിച്ചൻ മുക്കാടൻ


ജോമി
കാവാലംപുതുപ്പറമ്പ്


ബിനോ പാറക്കടവിൽ


ജോസഫ് എ.ജെ.
ആലഞ്ചേരി


കുര്യച്ചൻ ഒളശ്ശയിൽ


ചാൾസ് പാലാത്ര

## സ്വാഗതം....

**2025-26 വർഷത്തിലേക്ക് കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ...**

*പേജ് 20 തുടർച്ച*

പിതാവ് പറഞ്ഞു. ഫാ. ഡാനിയേൽ പൂവണ്ണത്തിൻ നേതൃത്വംനൽകിയ കൺവൻഷൻ വൈദികരുടെയും സമർപ്പിതരുടെയും വിശ്വാസികളുടെയും വലിയൊരു ആത്മീയ സംഗമമായി മാറി. നമ്മുടെ ദൈവാലയത്തിൽ വെച്ച് നടന്ന പതിലായിരങ്ങൾ പങ്കെടുത്ത ജൂബിലിവർഷ ബൈബിൾ കൺവൻഷൻ ഇടവകയ്ക്ക് ആത്മീയ ഉണർവേകി എന്നതിന് സംശയമില്ല. ഫിനാൻസ് കമ്മിറ്റി, പബ്ലിസിറ്റി കമ്മിറ്റി, ലിറ്റർജി കമ്മിറ്റി, വോളണ്ടിയർ കമ്മിറ്റി, പാർക്കിംഗ് കമ്മിറ്റി, മദ്ധ്യസ്ഥപ്രാർത്ഥന തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും ഇടവകയിലെ വിവിധ സംഘടനകളുടെയും കുടുംബ കൂട്ടായ്മംഗങ്ങളുടെയും സജീവമായ പ്രാതിനിധ്യം ഉണ്ടായിരുന്നു. 30 സെക്ടറുകളായി തിരിച്ച് ഓരോ സെക്ടറിലും അതിരൂപതാ ഫൊറോനാ തലത്തിലെ ദൈവാലയങ്ങളിലെ പ്രതിനിധികളോടൊപ്പം സംഘടനാ പ്രതിനിധികളോടൊപ്പം നമ്മുടെ ഇടവാംഗങ്ങളും വളരെ ഭംഗിയായി ആത്മാർത്ഥമായി പ്രവർത്തിച്ചു.

## കരുണാർത്ഥന

6-ാമത് 40 ദിനരാത്രപ്രാർത്ഥന കരുണാർത്ഥന വലിയ നോമ്പിൽ നമ്മുടെ പള്ളിയിലെ കബറിടപള്ളിയിൽ 2025 മാർച്ച് 2 ന് ആരംഭിച്ചു. സഭയ്ക്കും ദേശത്തിനും കുടുംബത്തിനും മക്കൾക്കുംവേണ്ടി നടത്തുന്ന 40 ദിനരാത്ര അഖണ്ഡപ്രാർത്ഥന ഏപ്രിൽ 11 ന് 40-ാം വെള്ളിയാഴ്ച സമാപിക്കും. എല്ലാ ദിവസവും വൈകുന്നേരം 5 നുള്ള വിശുദ്ധ കുർബാനയെതുടർന്ന് വചനപ്രഘോഷണവും 8.30 ന് പൊതുവായ ദിവ്യകാരുണ്യ ആരാധനയും നടന്നുവരുന്നു. വചനപ്രഘോഷണം തൽസമയ സംപ്രേഷണത്തോടൊപ്പം നിയോഗങ്ങൾക്കും കൗൺസിലംഗിനുമായി മൊബൈൽ മിനിസ്ട്രിയും പ്രവർത്തിക്കുന്നുണ്ട്. ഓരോ ദിവസവും രണ്ടോ മൂന്നോ കൂട്ടായ്മകൾ ഒന്നിച്ച് കരുണാർത്ഥന പ്രാർത്ഥനയിൽ പങ്കെടുക്കുന്നതിനുവേണ്ടി മാർച്ച് മാസത്തിൽ ഭവനങ്ങളിലെ കൂട്ടായ്മ പ്രവർത്തനങ്ങൾ ഒഴിവാക്കിയിരുന്നു. എന്നാൽ ഏപ്രിൽ 1 മുതൽ ഭവനങ്ങളിലെ കുടുംബകൂട്ടായ്മകൾ ക്രമീകരിച്ചിരിക്കുന്ന വിവരം കൂട്ടായ്മ ലീഡേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## നൂറുമേനി-സീസൺ ത്രീ

ചങ്ങനാശേരി അതിരൂപയുടെ കുടുംബവചനപഠനപദ്ധതിയായ നൂറുമേനി സീസൺ ത്രീ ഇടവകതല മത്സരം ഏപ്രിൽ 6 ഞായർ 2 പി.എം. മുതൽ 5 പി.എം വരെ നടക്കും. നൂറുമേനി സീസൺ ത്രീ പഠനപുസ്തകത്തെ അടിസ്ഥാനമാക്കിയാണ് മത്സരം. ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025 ജൂബിലി വർഷത്തിൽ അതിരൂപതയിലെ 250 ഇടവകകളിലും കുരിശുപള്ളികളിലും മത്സരങ്ങൾ നടക്കും. വ്യക്തിഗതമത്സരങ്ങൾ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഫൊറോനാ മത്സരങ്ങൾ മെയ് 11 ഞായറാഴ്ച 2 പി.എം. മുതൽ 5 പി.എം. വരെ ഫൊറോനാ കേന്ദ്രങ്ങ

ളിൽ നടക്കും. ഫൊറോനാതല മത്സര വിജയികളെ പങ്കെടുപ്പിച്ച് ജൂൺ 8 റീജൺതല കുടുംബമത്സരവിജയികളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 5 ടീമുകൾ ജൂലൈ 11 ന് എസ്ബി കോളേജിൽ നടക്കുന്ന നൂറുമേനി ഗ്രാൻഡ് ഫിനാലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. നൂറുമേനി സീസൺ 3 മത്സരത്തിൽ നമ്മുടെ ഇടവകയിൽനിന്നും മുൻവർഷത്തേതിനേക്കാൾ കൂടുതൽ പങ്കാളിത്തം ഉണ്ടാകുവാനും പഠിച്ചൊരുങ്ങിവരുവാനും സഹായകരമാകുന്ന പ്രവർത്തനങ്ങൾക്ക് നമുക്ക് പ്രചോദനം നൽകാം. നൂറുമേനി സീസൺ 3, ദൈവവചനം ദൈവകൃപയാകുന്ന വേദിയിൽ നമുക്കും പങ്കുചേരാം.

## കെരിഗ്മ 2025

2025 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച 2 പിഎം മുതൽ 5 പിഎം വരെ കൂട്ടായ്മ ലീഡേഴ്സിന്റെയും സെക്രട്ടറിമാരുടെയും ആനിമേറ്റർ സിസ്റ്റേഴ്സിന്റെയും മറ്റു തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെയും ഫൊറോനാതല നേതൃസംഗമം കെരിഗ്മ 2025 പാരിഷ്ഹാളിൽ ഫൊറോനാവികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോനയിലെ ഓരോ ഇടവകയിൽനിന്നും കൂട്ടായ്മ ലീഡേഴ്സും പാരീഷ് കൗൺസിൽഅംഗങ്ങളും മദർ സുപ്പീരീയേഴ്സും സൺഡേസ്കൂൾ ഗൈഡ്മാസ്റ്റേഴ്സും സൺഡേസ്കൂൾ അദ്ധ്യാപകരും യുവജനങ്ങളും ഉൾപ്പെട്ട 400-ൽ അധികം പേർ പങ്കെടുക്കുകയുണ്ടായി. റവ. സി. ലീജാ സിഎംസി യുടെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച കെരിഗ്മ 2025 ന് കുടുംബകൂട്ടായ്മ ഫൊറോനാ ഡയറക്ടർ റവ. ഫാ. നിധിൻ അറക്കത്തറ സ്വാഗതവുംകുടുംബകൂട്ടായ്മ ഫൊറോനാ ജനറൽ കൺവീനർ ശ്രീ. ജോബി തൂമ്പുങ്കൽ നന്ദിയും പറഞ്ഞു. സഭ നേരിടുന്ന വെല്ലുവിളികളും കുടുംബകൂട്ടായ്മകളുടെ കാലികപ്രസക്തിയും എന്ന വിഷയത്തെ ആസ്പദമാക്കി എം.എം. ജെറാൾഡും കുടുംബകൂട്ടായ്മയുടെ പ്രവർത്തനം നവീന ശൈലിയിൽ എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ജോർജ്ജ് മാന്തുരുത്തിയിലും ക്ലാസ് നയിച്ചു. അതിരൂപതാ ബൈബിൾ കൺവെൻഷന് മുന്നൊരുക്കമായുള്ള കെരിഗ്മ 2025 മുൻവർഷത്തേക്കാൾ നമ്മുടെ ഇടവകയിൽനിന്നും കൂടുതൽ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ഫെബ്രുവരി 28-ാം തീയതി ദനഹാക്കാലത്തെ അവസാനത്തെ വെള്ളിയാഴ്ച സകല മരിച്ചവരുടെയും തിരുനാളിൽ രാവിലെ 7 മണിയുടെ പരിശുദ്ധ കുർബാനയ്ക്കുശേഷം സെമിത്തേരി സന്ദർശനം, ഒപ്പീസ് എന്നിവ നടന്നു. മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ രണ്ടാം വാർഷികാചരണം 2025 മാർച്ച് 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 7 മണിക്ക് മെത്രാപ്പോലിത്തൻ പള്ളിയിലെ മർത്ത് മറിയം കബറിടപള്ളിയിൽ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയും അനുസ്മരണ പ്രാർത്ഥനയും നടന്നു.

ചങ്ങനാശേരി അതിരൂപതയുടെ ആറാമത് മേലധ്യക്ഷനും സീറോ മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ച് ബിഷപ്പുമായ കർദ്ദിനാൾ മാർ ആന്റണി പടിയറ പിതാവ് നമ്മിൽനിന്നും വേർപിരിഞ്ഞിട്ട് 2025 മാർച്ച് 23 ന് 25 വർഷം പൂർത്തിയായി. ഉത്തമമായ ദിശാബോധത്തോടെ നമ്മുടെ അതിരൂപതയെ നയിച്ച വന്ദ്യപിതാവിനെ അനുസ്മരിച്ച് മാർച്ച് 22 ശനിയാഴ്ച രാവിലെ 7 മണിക്ക് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയും അനുസ്മരണ പ്രാർത്ഥനയും നടന്നു.

ഏപ്രിൽ മാസത്തിൽ ആദ്യവെള്ളിയാഴ്ച കിടപ്പ് രോഗികൾക്ക് ഭവനങ്ങളിൽ വിശുദ്ധ കുർബാനയുമായി വരാത്തതിനാൽ വലിയ ആഴ്ചയിൽ ഏപ്രിൽ 16-ാം തീയതി പെസഹാ ബുധനാഴ്ച വിശുദ്ധ കുർബാനയുമായി വൈദികർ ഭവനങ്ങളിൽ എത്തുന്ന വിവരം കൂട്ടായ്മ ലീഡേഴ്സ് ബന്ധപ്പെട്ടവരെ അറിയിക്കുമല്ലോ.

മാർച്ച് 10 മുതൽ 18 വരെ 9 ദിവസങ്ങളിലായി ആൾ താമസമുള്ള എല്ലാ ഭവനങ്ങളിലും കൂട്ടായ്മ ലീഡേഴ്സിന്റെ സഹകരണത്തോടെ ഹോംമിഷൻ ടീം ഭവനസന്ദർശനം നടത്തുകയുണ്ടായി. അതിന്റെ തുടർച്ചയായി അധികം വൈകാതെ പെരിയ ബഹു. വികാരി ജോസഫ് വാണിയപ്പുരയ്ക്കലച്ചന്റെ നേതൃത്വത്തിൽ ബഹു. വൈദികർ ഭവന വെഞ്ചരിപ്പ് നടത്തുന്ന വിവരം കൂടി അറിയിക്കുകയാണ്.

## നോമ്പാരംഭം



മാർച്ച് 3 തിങ്കൾ മുതൽ വലിയ നോമ്പിലേക്ക് പ്രവേശിച്ചു. വിഭൂതി തിരുനാൾ ഉപവാസ പ്രാർത്ഥനാദിനമാണ്. പ്രാർത്ഥിച്ച് ഈശോയുടെ പീഡാനുഭവങ്ങളെക്കുറിച്ച് ധ്യാനിച്ച് പ്രായശ്ചിത്ത പരിഹാരപ്രവർത്തികൾവഴി ആത്മവിശുദ്ധീകരണം പ്രാപിക്കാൻ ഒരുങ്ങേണ്ട സമയമാണിത്. അഭി. മാർ തോമസ് തറയിൽ പിതാവ് നോമ്പാരംഭശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

## സംയുക്ത കുരുശിന്റെ വഴി

ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ സംയുക്ത കുരിശിന്റെ വഴി ഏപ്രിൽ 4 വെള്ളിയാഴ്ച നടന്നു. ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം ഫൊറോനയിലെ എല്ലാ പള്ളികളിൽനിന്നുമുള്ള വിശ്വാസികൾ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ സമാപിച്ച വി. കുരിശിന്റെ വഴിയിൽ പങ്കുചേർന്നു. അഭി. മാർ തോമസ് തറയിൽ പിതാവ്



സന്ദേശവും ആശീർവ്വാദവും നൽകി. മെത്രാപ്പോലിത്തൻപള്ളിയിൽ നിന്നുമാരംഭിച്ച കുരിശിന്റെ വഴി വൈകുന്നേരം 5 മണിക്ക് വികാരി പെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. അതിരൂപതാ ആസ്ഥാനം മുതൽ പാറേൽ പള്ളിവരെ കുരിശേന്തി അതിരൂപതാ അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ വിശ്വാസ സാഗരത്തെ നയിച്ചു. നമ്മുടെ ഇടവകയിൽനിന്നും വി. കുരിശിന്റെ വഴിയിൽ വൈദികർ, സമർപ്പിതർ, അത്മായശുശ്രൂഷികൾ ഉൾപ്പെട്ട വിശ്വാസികൾ പങ്കെടുക്കുകയുണ്ടായി. കർത്താവിന്റെ സഹനങ്ങളോടൊപ്പം നാം യാത്ര ചെയ്യുമ്പോൾ നമ്മുടെ വേദനകളിൽനിന്നു വിമുക്തി ലഭിക്കുമെന്നും സർവ്വശക്തനായ ദൈവം കൂടെയുണ്ടെന്നു വിശ്വസിച്ചാൽ സഹനം കരുത്തായി മാറുമെന്നും സമാപന സന്ദേശത്തിൽ അഭിവന്ദ്യ തറയിൽ പിതാവ് പറഞ്ഞു.

ഒത്തിരി സ്നേഹത്തോടെ,

**ജോബി തൂമ്പുങ്കൽ,** ജനറൽ കൺവീനർ കുടുംബകൂട്ടായ്മ

## നന്ദിയോടെ....

നമ്മുടെ ഇടവകയുടെ സമഗ്രമായ വികസനത്തിനും ഇടവക സമൂഹത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നതിക്കും കുടുംബകൂട്ടായ്മ പ്രവർത്തനങ്ങൾക്കു ശക്തമായ നേതൃത്വം നൽകിയ പുതിയ ശുശ്രൂഷാ മേഖലയിലേക്ക് സ്ഥലം മാറിപ്പോയ വികാരിയായിരുന്ന പെരിയ ബഹു. കൊച്ചുപറമ്പിൽ ജോസച്ചനും കത്തീഡ്രൽ, അങ്ങാടി പോത്തോട് പാസ്റ്ററൽ സെന്റർ വാർഡുകളിലെ കൂട്ടായ്മകൾക്ക് ആത്മാർത്ഥമായി ശുശ്രൂഷ ചെയ്ത ബഹു. തുണ്ടുകളം ലിപിൻ അച്ചനും വെജിറ്റബിൾ മാർക്കറ്റ്, ഫിഷ് മാർക്കറ്റ്, മറ്റം പൂവക്കാട്ടുചിറ, ഗദ്സമനി വാഴപ്പള്ളി വാർഡുകളിലെ

കൂട്ടായ്മകൾക്ക് വേണ്ട നിസ്വാർത്ഥമായി പ്രവർത്തിച്ച ബഹു. കാവനാട്ട് ജെറിൻ അച്ചനും ഇടവക കുടുംബക്കൂട്ടായ്മയുടെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും....



## കത്തീഡ്രൽ മാതൃ-പിതൃവേദി

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ ഇടവക അംഗങ്ങളെ 2025–2027 മാതൃപിതൃവേദിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും സത്യപ്രതിജ്ഞാചടങ്ങും വനിതാദിനാചരണവും 2025 മാർച്ച് 9–ാം തീയതി പെരിയ ബഹുമാനപ്പെട്ട റവ. ഫാദർ ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. മാതൃപിതൃവേദി ഡയറക്ടർ ഫാ. നിഖിൽ അറയ്ക്കത്തറ പുതിയ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. വനിതാദിനത്തോടനുബന്ധിച്ച് മുതിർന്ന മാതൃവേദി അംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു. മാർച്ച് 19–ാം തീയതി വി. യൗസേപ്പിതാവിന്റെ തിരുനാൾ കുർബാനയ്ക്ക് ശേഷം മാതൃപിതൃവേദി അംഗങ്ങൾ ചേർന്ന് ജോസഫ് നാമധാരികൾക്ക് സമ്മാനങ്ങൾ നൽകുകയും നാമഹേതുക തിരുനാൾ ആഘോഷിച്ച പെരിയ ബഹു. ഫാ. ജോസഫ് വാണിയപ്പുരയ്ക്കലും ഷെറിൻ കുറശ്ശേരി അച്ചനും ചേർന്ന് കേക്ക് മുറിച്ചു. യൗസേപ്പ് പിതാവിന്റെ തിരുനടയിൽ തിരുസഭയ്ക്കും കുടുംബാംഗങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥന അംഗങ്ങൾ നടത്തുകയുണ്ടായി. പ്രോലൈഫ് ദിനത്തിന്റെ മുന്നോടിയായി കബറിടക്കപള്ളിയിൽ മാതൃപിതൃവേദി അംഗങ്ങൾ പ്രാർത്ഥനയും ആരാധനയും നടത്തി. തുടർന്ന് അന്നേദിവസം ജലദിനത്തോട് അനുബന്ധിച്ച് പള്ളിയിൽ വന്ന് എല്ലാവർക്കും മോരും വെള്ളം വിതരണം ചെയ്തു. 23.03.2025 ഫൊറോന അംഗങ്ങളും ചേർന്ന് ഫൊറോന വിസിറ്റ് നടത്തി. പ്രോലൈഫും ജീവൻ ജ്യോതിസും മാതൃപിതൃവേദി സംഘടനയും ചേർന്ന് മംഗളവാർത്താദിനം പ്രോലൈഫ് ദിനമായി ആചരിച്ചു. അംഗങ്ങളുടെ സജീവ സാന്നിധ്യം പ്രശംസാർഹമായിരുന്നു. വിശ്വാസോത്സവത്തോട് അനുബന്ധിച്ച് സൺഡേസ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്തു കൊടുക്കുവാൻ സാധിച്ചതിൽ മാതൃപിതൃവേദി അംഗങ്ങളായ ഞങ്ങൾക്ക് ഏറെ സന്തോഷം നിറഞ്ഞ അവസരമായിരുന്നു. മാതൃപിതൃവേദി ചങ്ങനാശേരി അതിരൂപതയുടെ പ്രവർ

ത്തനവർഷം പള്ളിയിൽ നടക്കുകയുണ്ടായി. യൂണിറ്റംഗങ്ങൾ എല്ലാവരും തന്നെ പങ്കെടുത്തു. കത്തീഡ്രൽ യൂണിറ്റിൽ നിന്നും ഫൊറോനയിലേക്ക് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പിതൃവേദി അംഗം ബിനോ ജോൺ പാറക്കടവിനെയും ജോയിന്റ് സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട മാതൃവേദി അംഗം പ്രിൻസി ഷാജി തെക്കെ ഇലഞ്ഞിക്കുഴിക്കും അഭിനന്ദനങ്ങൾ. ഏവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടുകൂടി നേർന്നുകൊണ്ട് കത്തീഡ്രൽ മാതൃപിതൃവേദിക്കുവേണ്ടി

**വർഗീസ് മാമ്പറമ്പൻ**
പിതൃവേദി സെക്രട്ടറി

**ലിനി സാജൻ വട്ടക്കളം**
മാതൃവേദി സെക്രട്ടറി

## കെ എൽ എം



ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ കീഴിൽ 14 സംഘങ്ങളിലായി ഏതാണ്ട് 200 നടുത്ത് അംഗങ്ങൾ കെ.എൽ. എം. ൽ പ്രവർത്തിക്കുന്നു. എല്ലാ സംഘങ്ങളിലും എല്ലാ ആഴ്ചയിലും കൃത്യസമയത്ത് പ്രാർത്ഥനയോടുകൂടി മീറ്റിംഗ് ആരംഭിക്കുന്നു. പ്രസിഡന്റ് സെക്രട്ടറി എന്നിവർ അടങ്ങിയ എല്ലാ സംഘത്തിന്റെയും ഭാരവാഹികൾ ഉൾപ്പെട്ട യൂണിറ്റ് ഓർഡിനേഷൻ കമ്മിറ്റി യുസിസി കൂടി ഓരോ മാസത്തെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങളെപ്പറ്റി ഉചിതമായിതീരുമാനങ്ങൾ എടുക്കുകയും ഓരോ മാസത്തേയും യു സി സി യുടെറിപ്പോർട്ട് സെക്രട്ടറി അവതരിപ്പിക്കുകയും പ്രസിഡന്റ് അധ്യക്ഷത വഹിക്കുകയും ഖജാൻജി അതാത് മാസത്തെ കണക്കുകൾ അവതരിപ്പിക്കുകയും ചെയ്യുന്നു. ഇടവകയുടെ ആത്മീയ കാര്യങ്ങളിലും ബൈബിൾ കൺവെൻഷൻ പോലെയുള്ള പരിപാടികളിലും അംഗങ്ങൾ സജീവ പ്രവർത്തകരായി നിലകൊണ്ടു. കെ.എൽ.എം. പതാക ദിനവും മെയ്ദിന റാലിയും വളരെ മനോഹരമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**മാർട്ടിൻ ആന്റണി കൂലിപ്പുരക്കൽ**
പ്രസിഡൻറ്

**ലാലി ബോബൻ വയലുങ്കൽ**
സെക്രട്ടറി

**ബിജു കൊച്ചുപുരയ്ക്കൽ**
ഖജാൻജി

# പാരിഷ് ഹാൾ
## നവീകരണ നാൾവഴി

2015 ശ്രീ പി. സി. കുഞ്ഞപ്പൻ കൈക്കാരനായി ചുമതല എടുത്തപ്പോൾ അദ്ദേഹം അവതരിപ്പിച്ച ഒരു ആശയമായിരുന്നു പാരിഷ് ഹാൾ നവീകരണമെന്നത്. അയൽ ഇടവകകളായ പാറേൽ, തുരുത്തി, ഫാത്തിമാപുരം തുടങ്ങിയ പള്ളികളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു മെഗാ കമ്മിറ്റി രൂപവത്കരിച്ച് പ്രവർത്തനം തുടങ്ങാം എന്ന് ആലോചിച്ച് വികാരിയായിരുന്ന പെ. ബ. കുര്യൻ പുത്തൻപുര അച്ചനുമായി ആശയം പങ്കുവയ്ക്കുകയും അച്ചന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിക്ക് നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ ആദ്യയോഗം പ്രതീക്ഷിച്ച വിജയത്തിലെത്തിയില്ലെങ്കിലും പ്രത്യാശ കൈവെടിയാതെ പദ്ധതിയുമായി മുന്നോട്ടു പോകുവാൻ തീരുമാനിച്ചു. എൻജിനീയർ ശ്രീ. ജോൺ കോച്ചേരി സാറിനെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ ചുമതലപ്പെടുത്തി. ഏകദേശം 2.45 കോടി ചെലവ് വരുന്ന പ്ലാൻ ആയിരുന്നു ഉണ്ടായിരുന്നത്. സാമ്പത്തികം കണ്ടെത്തേണ്ട ഉത്തരവാദിത്വം എന്നിലായി. 60,000 രൂപയ്ക്ക് എ.സി. ഹാൾ അഡ്വാൻസ് ബുക്കിംഗും 30,000 രൂപയ്ക്ക് നോൺ എ.സി. ബുക്കിംഗും തീരുമാനിച്ചു. 400 എസി ബുക്കിംഗ് 100 നോൺ എസി ബുക്കിംഗ് ലഭിക്കുമെന്നായിരുന്നു പ്രതീക്ഷ. അതനുസരിച്ച്



2 കോടി 70 ലക്ഷം സമാഹരിച്ച് പദ്ധതി നടപ്പിലാക്കാം എന്ന് വിചാരിച്ചു. പൊതുയോഗത്തിൽ പ്ലാനും എസ്റ്റിമേറ്റും ഫിനാൻസ് പ്ലാനും അവതരിപ്പിച്ചു പാസാക്കി. എന്നാൽ ലഭിച്ചത് 64 എസി ബുക്കിംഗും 21 നോൺ എസി ബുക്കിംഗും മാത്രമാണ്.

2015 ഡിസംബറിൽ നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചു. നവീകരണപദ്ധതിയുടെ തുടക്കമൂലധനം വിവാഹസഹായ പദ്ധതിയിൽനിന്നും പലിശയ്ക്ക് എടുത്ത 35 ലക്ഷം രൂപയാണ്. അഡ്വാൻസ് ബുക്കിംഗ് പ്രതീക്ഷിച്ചതുപോലെ ലഭിക്കാതെ വന്നപ്പോൾ ബാങ്കിൽനിന്നും ലോൺ എടുക്കാം എന്ന് ആലോചിച്ചു മൂന്നു ബാങ്കുകളെ സമീപിച്ചു. സൗത്ത് ഇന്ത്യൻ ബാങ്ക് ആണ് ഏറ്റവും കുറഞ്ഞ പലിശ ഓഫർ ചെയ്തത്, 11.75%. പള്ളിയുടെ ആധാരം ഈടുവയ്ക്കണമെന്ന് ബാങ്ക് ആവശ്യപ്പെട്ട സാഹചര്യത്തിൽ മാറി ചിന്തിച്ചതിന്റെ വെളിച്ചത്തിൽ ഇടവകാംഗങ്ങളിൽ നിന്ന് വായ്പ സ്വീകരിക്കാൻ തീരുമാനമായി. ഈ വിവരം പള്ളിയിൽ പരസ്യപ്പെടുത്തി. അതിന് നല്ല പ്രതികരണം ഉണ്ടായി. ബാങ്കിലെ പലിശ നിരക്കിനേക്കാൾ കുറഞ്ഞ പലിശനിരക്കിൽ വ്യക്തികളിൽനിന്ന് പണം വായ്പ സ്വീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ തുടർന്നു.

പണി നടക്കുന്നതിനിടയിൽ വരുത്തിയ ചില മാറ്റങ്ങൾ:

- ചിതലരിച്ച പഴയ കതകുകളും ജനലുകളും പൂർണമായി മാറ്റി അലൂമിനിയം ഫിറ്റിംഗ്സ് ആക്കി,
- പുതിയ കിച്ചൻ പണിതു.
- 99 ടൺ എസി പ്ലാൻ ചെയ്തിരുന്നത് 132 ടൺ എസി ആക്കി.
- ജനറേറ്റർ സിസ്റ്റം വലുതാക്കി.
- ഫ്ലോർ ടൈലും ഇതരഫിറ്റിംഗ്സും ഏറ്റവും മുന്തിയതുതന്നെ സ്ഥാപിച്ചു.

പണി പൂർത്തീകരിച്ചപ്പോൾ ചെലവായ തുക 356 ലക്ഷം രൂപ ആണ്. ചെലവാക്കിയ തുകയ്ക്ക് വേണ്ടി പണം സമാഹരിച്ചത് വ്യക്തികളിൽ നിന്ന് വായ്പവരവ് 275 ലക്ഷം രൂപ. അഡ്വാൻസ് ബുക്കിംഗ് വരവ് 46 ലക്ഷം രൂപ. വിവാഹസഹായ പദ്ധതി വായ്പ വരവ് 35 ലക്ഷം രൂപ.

പള്ളിക്കണക്കിൽ നിന്നോ വ്യക്തികളിൽനിന്നോ സംഭാവനയോ മറ്റു സഹായങ്ങളോ സ്വീകരിക്കാതെ പൂർണ്ണമായും വായ്പയും അഡ്വാൻസ് ബുക്കിംഗും സ്വീകരിച്ചാണ് നിർമ്മാണം പൂർത്തിയാക്കിയത്. 2015 ഡിസംബറിൽ ആരംഭിച്ച നവീകരണപ്രവർത്തനങ്ങൾ 2016 ഓഗസ്റ്റ് 15ന് പൂർത്തീകരിച്ചു. നവീകരിച്ച പാരിഷ് ഹാളിന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ മുതൽ കോവിഡിന്റെ ആരംഭംവരെ ഓരോ പ്രോഗ്രാമിനും പതിനായിരം രൂപ വീതം പള്ളിക്കണക്കിലേക്ക് നൽകിയിരുന്നു, അങ്ങനെ 78 ലക്ഷം രൂപ നൽകി.

പാരിഷ് ഹാളിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രക്ഷാധികാരിയായി നിലകൊണ്ട വികാരി പെ. ബ. കുര്യൻ പുത്തൻപുരയ്ക്കൽ അച്ചൻറെ ശക്തമായ നേതൃത്വമാണ് ഈ പദ്ധതി യാഥാർത്ഥ്യമായതിന്റെ മുഖ്യകാരണം. ബ. വികാരിയച്ചനോടൊപ്പം കമ്മിറ്റി അംഗങ്ങളായ ശ്രീ. ജോർജ് വർക്കി, ശ്രീ ജോൺ കോച്ചേരി, പി.സി. കുഞ്ഞപ്പൻ, ശ്രീ തോമസ് പഴയചിറ, റോയ് ജോസ് പുല്ലുകാട് എന്നീ കൗൺസിൽ അംഗങ്ങളുടെ കഠിനാധ്വാനവും നിശ്ചയദാർഢ്യവും അർപ്പണമനോഭാവവും ഇതിൻറെ പിന്നിലുണ്ട്.

2016 ആഗസ്റ്റ് മാസം പതിനഞ്ചാം തീയതി ഹാൾ വെഞ്ചരിപ്പ് നടത്തി. നവംബർ മാസം നോട്ടുനിരോധനം നിലവിൽവന്നു. ഹാൾ പ്രവർത്തനങ്ങൾ തീർത്തും നിലച്ചുപോയ സാഹചര്യം! തികഞ്ഞ സാമ്പത്തികഅച്ചടക്കത്തോടെ ആ പരീക്ഷണഘട്ടവും കടന്നു. 2018ൽ പ്രളയവും 2019 മുതൽ കോവിഡ് മഹാമാരിയും പാരിഷ് ഹാൾ നടത്തിപ്പിനെ സാരമായി ബാധിച്ചു. ബുക്കിങ്ങുകളെല്ലാം തിരിച്ചുനൽകേണ്ട അവസ്ഥയായി. വായ്പയും പലിശയും തിരിച്ചടയ്ക്കേണ്ടതായും വന്നു. ഈ പ്രതിസന്ധികളെയും വിജയകരമായി തരണംചെയ്യാൻ സാധിച്ചത് ദൈവകൃപയാൽ മാത്രമാണ്.

കോവിഡിന്റെ ആരംഭത്തിൽ പെ. ബ. വികാരിയച്ചൻ കുര്യൻ പുത്തൻപുരയച്ചൻ കട്ടച്ചിറ പള്ളിയിലേക്ക് സ്ഥലംമാറി പോവുകയും ബ. ജോസ് കൊച്ചുപറമ്പിൽ അച്ചൻ വികാരിയായി ചുമതല ഏറ്റെടുക്കുകയും ചെയ്തു. ബ. ജോസ് അച്ചൻ പാരീഷ്ഹാൾ നടത്തിപ്പിൽ പൂർണ്ണപിന്തുണയാണ് നൽകിയിരുന്നത്. അച്ചൻ ചുമതല ഏൽക്കുമ്പോൾ 166 ലക്ഷം രൂപ വായ്പ ബാലൻസ് അടച്ചുതീർക്കാൻ ഉണ്ടായിരുന്നു. വായ്പ പൂർണ്ണമായും അടച്ചുതീർത്തു. അതിരൂപതാവിഹിതവും കുടിശ്ശികയും മനക്കച്ചിറ പള്ളിയുടെ തലപ്പള്ളി വിഹിതവും പാരിഷ് ഹാളിൽനിന്ന് ലഭിച്ച വരവിൽനിന്നാണ് അടച്ചുതീർത്തത്. 2025 മാർച്ച് 31 തീയതി പാരിഷ് ഹാൾ കണക്കനുസരിച്ച് വിവാഹസഹായ പദ്ധതിയിലേക്ക് 15 ലക്ഷം രൂപ മാത്രമാണ് ഇനി തിരിച്ചുനൽകാനുള്ളത്. പള്ളിക്കണക്കിലേക്ക് കോവിഡിനുമുമ്പ് നൽകിയ 78 ലക്ഷം രൂപ കൂടാതെ 34 ലക്ഷം രൂപ കഴിഞ്ഞ മാസങ്ങളിൽ നൽകിയിട്ടുണ്ട്. മാർച്ച് 31 വരെയുള്ള ജിഎസ്ടിയും മുൻസിപ്പൽ ടാക്സും താലൂക്ക് ഓഫീസ് കരവും വിവാഹസഹായ പദ്ധതിയിലെ പലിശയും പൂർണമായും അടച്ചിട്ടുണ്ട്. ഫയർ ആൻഡ് സേഫ്റ്റി പൊലൂഷൻ കൺട്രോൾ എന്നീ പെർമിറ്റുകളും ലഭിച്ചിട്ടുണ്ട്. നാളിതുവരെ എല്ലാവർഷവും പാരിഷ്ഹാൾ കണക്കുകൾ ആഡിറ്റിന് സമർപ്പിക്കുകയും പാരീഷ് കൗൺസിലിലും പൊതുയോഗത്തിലും വായിച്ച് അവതരിപ്പിച്ചു പാസാക്കി അതിരൂപതയിലും ഇൻകം ടാക്സ്, GST ഓഫീസുകളിലും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നവീകരണം പൂർത്തിയാക്കി വെഞ്ചരിപ്പ് കഴിഞ്ഞശേഷം ചില പരാതികൾ അതിരൂപതയിൽ എത്തിയ സാഹചര്യത്തിൽ അന്നത്തെ സഹായമെത്രാനായിരുന്ന മാർ തോമസ് തറയിൽ പിതാവ് വിവരങ്ങൾ അന്വേഷിച്ച്, വായ്പകൾ തീരുന്നതുവരെ ഫിനാൻസ് കമ്മിറ്റി കൺവീനറും വികാരിയച്ചനും മാത്രം പാരീഷ് ഹാൾ പ്രവർത്തനങ്ങൾ നോക്കിയാൽ മതി എന്ന് അതിരൂപതാ കച്ചേരിയിൽനിന്ന് അറിയിക്കുകയുണ്ടായി. ഈ പ്രോജക്ടിന്റെ നന്മ തിരിച്ചറിഞ്ഞ് വേണ്ട സമയത്ത് കൈത്താങ്ങായി കൂടെനിന്ന അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിനോടും അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനോടും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഒരു ദശകം നീണ്ട ഈ യജ്ഞത്തിൽ എനിക്ക് മാർഗ്ഗദീപവും പ്രചോദനവും ആയത് ഈ പ്രോജക്ടിന്റെ അമരക്കാരനായിരുന്ന പെ. ബ. കുര്യൻ പുത്തൻപുര അച്ചനും കോവിഡ് കാലത്തും തുടർന്നും പൂർണ്ണ പിന്തുണ നൽകിയ നിന്ന് പെ. ബ. ജോസ് കൊച്ചുപറമ്പിൽ അച്ചനുമാണ്. നമ്മുടെ പാരിഷ് നവീകരണം ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു വിജയചരിത്രമായി നിലകൊള്ളുന്നു.

പാരിഷ് ഹാൾ നിർമ്മാണസമയത്തും തുടർന്നും സേവനം ചെയ്ത കൈക്കാരന്മാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, സേവനം ചെയ്തവർ, സഹകരിച്ചവർ, സഹായിച്ചവർ, പ്രോത്സാഹനം നൽകിയവർ, പ്രാർത്ഥിച്ചവർ എല്ലാവർക്കും ഹൃദയംഗമമായ നന്ദി.

തികഞ്ഞ അഭിമാനത്തോടുകൂടി ഒരു കാര്യം കൂടി കുറിക്കട്ടെ. നമ്മൾ സ്വീകരിച്ച എല്ലാ പുറംവായ്പകളും അഡ്വാൻസ് ബുക്കിംങ്ങുകളും പാരീഷ് ഹാൾ ബുക്കിങ്ങുകളും നാളിതുവരെ ആർക്കും ഒരു പരാതിയുമില്ലാതെ സെറ്റിൽ ചെയ്യാൻ സാധിച്ചു. നോട്ടു നിരോധനവും കോവിഡും പ്രളയങ്ങളും വെല്ലുവിളികളായപ്പോഴും ഒരു ദിവസം പോലും തെറ്റാതെ ഈ ബാദ്ധ്യതകൾ നിറവേറ്റി.

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ പാരിഷ് ഹാൾ അതിരൂപതയ്ക്കും അഭിമാനമായി നിലകൊള്ളുന്നു എന്നതിന്റെ തെളിവാണ് അതിരൂപതയുടെ ഒട്ടെല്ലാ പരിപാടികളും നമ്മുടെ ഹാളിൽ വച്ച് നടത്തപ്പെടുന്നു എന്നുള്ളത്. അതിലും നമുക്ക് അഭിമാനിക്കാം.

**ജോണി ജോസഫ് കണ്ടങ്കരി**
(കൺവീനർ, ഫിനാൻസ് കമ്മിറ്റി)



# പീഡാനുഭവവാര തിരുക്കർമ്മങ്ങൾ

## 2025 ഏപ്രിൽ 13 ഓശാന ഞായർ

6.15 am : **കുരുത്തോലവെഞ്ചരിപ്പ്** (പാരീഷ് ഹാളിൽ)
**പ്രദക്ഷിണം** (പാരീഷ് ഹാളിൽനിന്നും പള്ളിയിലേയ്ക്ക്)
**ആഘോഷമായ പരി. കുർബാന**, **പ്രസംഗം**
**മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ**

9.15 am : **പരി. കുർബാന**

11.00 am : **പരി. കുർബാന**
(രോഗികൾക്കും മുതിർന്നവർക്കുംവേണ്ടി കുരുത്തോലവിതരണം)

5.00 pm : **പരി. കുർബാന**

## നാൽപ്പതുമണി ആരാധന - കുമ്പസാരദിനങ്ങൾ

## 2025 ഏപ്രിൽ 14, 15, 16 (തിങ്കൾ, ചൊവ്വാ, ബുധൻ)

| | | |
|---|---|---|
| 5.30 am | : | **സപ്രാ, പരി. കുർബാന, സ്ലീവാപ്പാത** |
| 7.00 am | : | **പരി. കുർബാന** |
| 8.00 am - 8.00 pm | : | **പരിശുദ്ധ കുർബാനയുടെ ആരാധന** |
| 9.00 am | : | ഖുഥാആ (മൂന്നാം മണി ജപം) |
| 12.00 noon | : | എന്ദാനാ (മദ്ധ്യാഹ്ന പ്രാർത്ഥന) |
| 3.00 pm | : | ദ്ബസ്ശാശായീൻ (ഒൻപതാം മണി ജപം) |
| 4.30 pm - 8.30 pm | : | **കുമ്പസാരം** |
| 4.45 pm | : | റംശാ (സായാഹ്ന പ്രാർത്ഥന) |
| 5.00 pm | : | **പരി. കുർബാന** |

## 2025 ഏപ്രിൽ 16 ബുധൻ

## നാൽപ്പതുമണി ആരാധനയുടെ സമാപനം

| | | |
|---|---|---|
| 5.30 am | : | **സപ്രാ, പരി. കുർബാന, സ്ലീവാപ്പാത** |
| 7.00 am | : | **പരി. കുർബാന** |
| 8.30 am | : | രോഗികൾക്കും മുതിർന്നവർക്കും ഭവനങ്ങളിൽ കുർബാന |
| 8.00 am - 8.00 pm | : | **പരിശുദ്ധ കുർബാനയുടെ ആരാധന** (വിവിധ വാർഡുകൾ, ഭക്തസംഘടനകൾ, സന്ന്യാസിനീ സമൂഹങ്ങൾ) |
| 9.00 am | : | ഖുഥാആ (മൂന്നാം മണി ജപം) |
| 12.00 noon | : | എന്ദാനാ (മദ്ധ്യാഹ്ന പ്രാർത്ഥന) |
| 3.30 pm - 7.30 pm | : | കുമ്പസാരം |
| 4.00 pm | : | റംശാ, **പരി. കുർബാന** |
| 7.30 pm | : | **പരി. കുർബാനയുടെ പ്രദക്ഷിണം.** |

## 2025 ഏപ്രിൽ 17 പെസഹാ വ്യാഴം

4.00 pm : **ആഘോഷമായ പരി. കുർബാന**
**കാൽ കഴുകൽ ശുശ്രൂഷ, പ്രസംഗം,**
**പൊതു ആരാധന**
**മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ**

7.30 pm : ലെലിയ

## 2025 ഏപ്രിൽ 18 പീഡാനുഭവവെള്ളി

5.30 am : **സപ്രാ**

6.00 am - 12.00 : **പരി. കുർബാനയുടെ ആരാധന**

9.00 am : ഖുഥാആ

12.00 noon : എന്ദാനാ

2.30 pm : **പീഡാനുഭവ തിരുക്കർമ്മങ്ങൾ**
നഗരികാണിക്കൽ, സ്ലീവാപ്പാത, സ്ലീവാ വന്ദനം,
തിരുസ്വരൂപചുംബനം
പ്രസംഗം – **റവ. ഫാ. ജോൺ വാഴപ്പനടിയിൽ OFM Cap**

7.30 pm : ലെലിയ, കബറടക്കശുശ്രൂഷ

## 2025 ഏപ്രിൽ 19 വലിയ ശനി

4.30 pm : **പരി. കുർബാന**
പുത്തൻ തീ, പുത്തൻ വെള്ളം വെഞ്ചരിപ്പ്

## 2025 ഏപ്രിൽ 20 ഉയിർപ്പുതിരുനാൾ

2.45 am : **ഉയിർപ്പുതിരുക്കർമ്മങ്ങൾ**
**ആഘോഷമായ പരി. കുർബാന, പ്രദക്ഷിണം,**
**പ്രസംഗം**
**മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ**

6.45 am, 8.30 am, 10 am: **പരി. കുർബാന**
(വൈകുന്നേരം പരി. കുർബാന ഉണ്ടായിരിക്കുന്നതല്ല)



# ജലത്താലും ആത്മാവിനാലും

1. മാവേലിചിറയിൽ ജോബിൻ-ജെസ്റ്റീഷ്യ മകൾ മറിയം 02.01.2025
2. പഴയചിറ തെക്കത്ത് ബിബിൻ-മെർളിൻ മകൻ തോമസ് 04.01.2025
3. പുത്തൻപുരയ്ക്കൽ സോണി-റോസ് മകൻ പോൾ 11.01.2025
4. ചാരുകുഴിയിൽ സന്തോഷ്-സൗമ്യ മകൾ അന്ന 12.01.2025
5. തേവലക്കര റ്റോബിൻ-അനു മകൻ ലൂയിസ് 12.01.2025
6. മാളികയിൽ സെബി-മിനു മകൻ സെറിക് 21.01.2025
7. തൂമ്പുങ്കൽ തോമസ്-ഐഡ മകൾ എലിസബത്ത് 02.02.2025
8. പുത്തൻപറമ്പിൽ ബോബി-റ്റിന്റു മകൻ ജോസഫ് 06.02.2025
9. അഴിമുഖം ആന്റണി-റോസ്മേരി മകൾ റോസ 09.02.2025
10. വള്ളിയാട് സിജോ-ജിനു മകൾ അച്ചാമ്മ 10.02.2025
11. പാലത്തിങ്കൽ ജോസ്ജി-ലിനുമോൾ മകൾ റബേക്ക 15.02.2025
12. ഇടശ്ശേരിപ്പറമ്പിൽ പോൾസൺ-ജ്യോതിമോൾ മകൾ എൽസ 01.03.2025
13. തയ്യിൽ വർഗ്ഗീസ്-ജീവ മകൻ ജോസഫ് 20.03.2025
14. അഴിമുഖം പ്രവീൺ-ഷെബി മകൻ ജോസഫ് 12.01.2025
15. പാറക്കടവിൽ ജോസ്-റോസ് മകൾ ആഗ 16.01.2025
16. പാറക്കടവിൽ ജേക്കബ്-സൗമ്യ മകൾ റോസ് 16.01.2025
17. കടന്തോട് റ്റോണി-ഐറിൻ മകൾ കാതറിൻ 18.01.2025
18. പെരുമ്പുഴക്കടവിൽ ജോ-ആൻ തെരേസ് മകൻ തോമസ് 16.02.2025
19. കടേപ്പറമ്പിൽ ജെസ്റ്റിൻ-ജെബിമോൾ മകൻ ജോസഫ് 27.02.2025



# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക പെരുന്ന ഓവേലിൽ തോമസ്-ആശ മകൻ എബ്രഹാമും മംഗലം ഡാം ഇടവക കൂനാംപുറംജോയി-ലിനി മകൾ അന്നയും തമ്മിലുള്ള വിവാഹം - 01.01.2025
2. ഈ ഇടവക പാറക്കടവിൽ ബിനോ-സീമ മകൻ നിർമ്മലും പായിപ്പാട് ഇടവക മനയത്തുശ്ശേരി ജോസ്-ലിജി മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 04.01.2025

3. ഈ ഇടവക മാറാട്ടുകളം മാത്യു-നിക്സി മകൻ തോമസും മല്ലപ്പള്ളി പൂവത്തുങ്കൽ സജി-റെൻസി മകൾ മറിയവും തമ്മിലുള്ള വിവാഹം - 09.01.2025
4. ഈ ഇടവക മതിച്ചിപ്പറമ്പിൽ ജെയിംസ്-ബീന മകൻ ജേക്കബ്ബും ജാലഹള്ളി ഇടവക നെല്ലിക്കുന്നേൽ ജോയിബിജു മകൾ സിസിലിയും തമ്മിലുള്ള വിവാഹം - 11.01.2025
5. ഈ ഇടവക മാപ്പിളശ്ശേരി പയസ്-റോസ് മേരി മകൻ ജോസഫും പാലാ ജോസ് ഗിരി ഇടവക വടക്കേ കുഴിയാനി മറ്റം ജോർജ്ജ്-പീലു മകൾ മരിയ റോസും തമ്മിലുള്ള വിവാഹം - 16.01.2025
6. ഈ ഇടവക കല്ലുകളം മോൻസി-ഷേർളി മകൻ തോമസും വൈറ്റില ഇടവക ആനാംതുരുത്തിൽ ജോർജ്ജ്-പുഷ്പം മകൾ കൊച്ചുത്രേസ്യായും തമ്മിലുള്ള വിവാഹം - 20.01.2025
7. ഈ ഇടവക വെട്ടുകുഴിയിൽ വർഗീസ്-നിർമ്മല മകൻ തോമസും ആനിക്കാട് ഇടവക കണിമറ്റത്തിൽ ജോൺസൺ-ആൻസി മകൾ റോസ് മേരിയും തമ്മിലുള്ള വിവാഹം - 22.01.2025
8. ഈ ഇടവക അഴിമുഖം ജെയിംസ്-റ്റെസി മകൻ വർഗീസും മുട്ടാർ ഇടവക ശ്രാമ്പിയ്ക്കൽ തോമസ്-ലിസമ്മ മകൾ അന്നയും തമ്മിലുള്ള വിവാഹം - 25.01.2025
9. ഈ ഇടവക കൊല്ലംപറമ്പിൽ അകിൻസ്-റെനി മകൻ മാത്യുവും മുല്ലശ്ശേരി ഇടവക ചാഴൂർ ജോസ്-അന്ന മകൾ മേരി കാതറിനും തമ്മിലുള്ള വിവാഹം - 01.02.2025
10. ഈ ഇടവക കയ്യാലപ്പറമ്പിൽ സിബി-സോണിയ മകൻ ആന്റണിയും ചങ്ങനാശേരി ഇടവക വാണിയപ്പുരയ്ക്കൽ സാബു-മിനി മകൾ ശരണും തമ്മിലുള്ള വിവാഹം - 02.01.2025
11. ഈ ഇടവക കാഞ്ഞിരത്തുംമൂട്ടിൽ ജോയി-ബിജി മകൻ ചെറിയാനും ഉരുളിക്കുന്നം ഇടവക കല്ലംപള്ളിൽതോമസ്-ഏലിക്കുട്ടി മകൾ ബ്രിജിറ്റും തമ്മിലുള്ള വിവാഹം - 08.01.2025
12. ഈ ഇടവക കൊച്ചിടനാട്ട് തോമസ്-പുഷ്പം മകൻ മാത്യുവും മാന്നാനം ഇടവക തയ്യിൽ ജോസഫ് എലിസബത്ത് മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 18.01.2025
13. ഈ ഇടവക പാറക്കടവിൽ തോമസ്-സിന്ധ്യ മകൻ തോമസും മുത്തൂർ ഇടവക നെല്ലുകാരൻ ജിജി-ജിജി മകൾമേരിയും തമ്മിലുള്ള വിവാഹം - 19.01.2025
14. ഈ ഇടവക കളത്തിൽപ്പറമ്പിൽ ജേക്കബ്ബ്-ഷേർളി മകൻ കുരുവിളയും പാറക്കടവ് ഇടവക തോണ്ടുങ്കൽ ബാബു-ഷിജി മകൾ റോസിയും തമ്മിലുള്ള വിവാഹം - 19.01.2025

15. ഈ ഇടവക ചൂരക്കുറ്റിൽ ബിജു-മോളി മകൻ ഫ്രാൻസിസും പൊൻകുന്നം ഇടവക മൂകിളിക്കാട്ട് സജി-ബെറ്റ്സി മകൾ അന്നയും തമ്മിലുള്ള വിവാഹം - 21.01.2025
16. ഈ ഇടവക കൈനകരിൽ സിബി-ബിനു മകൻ സൂരജും ബ്രിട്ടൺ ഇടവക പാലമുറ്റത്തു കുര്യൻ-മഞ്ജു മകൾ ഷാരോണും തമ്മിലുള്ള വിവാഹം - 15.02.2025
17. ഈ ഇടവക വാഴപ്പറമ്പിൽ തോമസ്-ഷേർളി മകൻ ടോണിയും നമ്പ്യാകുളം ഇടവക പ്ലാക്കുഴിയിൽ ജോസഫ്-മേഴ്സി മകൾ അനുവും തമ്മിലുള്ള വിവാഹം - 20.02.2025



# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | കാലിബ് ഹൗസ് എൻ.ഒ. ജോൺ (75) | 02.01.2025 |
| 2. | ചക്കാലയിൽ സി.ജെ. മാത്യു (76) | 07.01.2025 |
| 3. | ഊശയിൽ തെയ്യാമ്മ ദേവസ്യം (93) | 21.01.2025 |
| 4. | ഒറ്റതെങ്ങുങ്കൽ ചാക്കോ തോമസ് (67) | 02.02.2025 |
| 5. | ഇടശ്ശേരിപ്പറമ്പിൽ ത്രേസ്യാമ്മ തോമസ് (73) | 31.01.2025 |
| 6. | വെളിത്തേടത്തു കളത്തിൽ ജേക്കബ് ജോർജ്ജ് (69) | 15.01.2025 |
| 7. | തൂമ്പുങ്കൽ ലിസമ്മ ജോസഫ് (80) | 05.02.2025 |
| 8. | മലയിൽ അന്നമ്മ ജോസഫ് (72) | 09.02.2025 |
| 9. | കല്ലുകളം ജോസഫ് തോമസ് (82) | 09.01.2025 |
| 10. | ഇളമതയിൽ ലീലാമ്മ വർഗീസ് (86) | 13.02.2025 |
| 11. | വാണിയപ്പുരയ്ക്കൽ തങ്കമ്മ ജോസഫ് (74) | 18.02.2025 |
| 12. | ചുടുകാട്ടിൽ ആലീസ് ജോസഫ് (84) | 19.02.2025 |
| 13. | കല്ലുകളം ചിന്നമ്മ ജോസഫ് (97) | 25.02.2025 |
| 14. | കലവറ കെ.എം. തോമസ് (72) | 26.02.2025 |
| 15. | പാലത്തിങ്കൽ പി.എം. ജോസഫ് (75) | 26.02.2025 |
| 16. | കൂലിപ്പുരയ്ക്കൽ എൽസമ്മ തോമസ് (66) | 26.02.2025 |
| 17. | കളപ്പുരയ്ക്കൽ മേരിക്കുട്ടി കുര്യാക്കോസ് (70) | 27.02.2025 |
| 18. | ആറുപറയിൽ മറിയാമ്മ വർക്കി (93) | 03.03.2025 |
| 19. | കുരിശിങ്കൽപ്പറമ്പിൽ ഷാജി സെബാസ്റ്റ്യൻ (57) | 05.03.2025 |
| 20. | കാവാലം പുതുപ്പറമ്പിൽ ചിന്നമ്മ ജേക്കബ് (89) | 09.03.2025 |
| 21. | ആലുംമൂട്ടിൽ ഏലമ്മ ജോസഫ് (97) | 23.03.2025 |
| 22. | ഒറ്റത്തെങ്ങുങ്കൽ ഒ.വി. വർഗ്ഗീസ് (57) | 23.03.2025 |

# സ്നേഹസ്മരണയ്ക്ക്





കെ.പി. അന്തോനിച്ചൻ  പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി

# സ്നേഹസ്മരണയ്ക്ക്



**പി.കെ. അഗസ്റ്റിൻ**

മരണം: 02.12.1964



**മറിയാമ്മ അഗസ്റ്റിൻ**

മരണം: 15.01.1990



**അന്തോനിച്ചൻ**

മരണം: 10.5.1954



**അന്നമ്മ ആന്റണി**

മരണം: 25.4.2020

**കാവാലം, പുതുപ്പറമ്പിൽ**

കാവാലം നഗർ, കവല, ചങ്ങനാശ്ശേരി




# Infant Jesus

## ENGINEERING WORKS

**Near Anandasram, Changanacherry 686 101**
**Ph: 9447660251, 0481 2426337**

**Cast Iron Gate & Grills,, Stainless Steel Railing Work, Steel Windows,
Heavy Steel Fabrication, Poly Cardonate Sheet Roofing,
Any type of Steel Furnitures, All type of Roofing Works,
V Panel Wall Works, Ceiling Work, Mosquito Net, Rolling Shutter etc.**

# WATER PROBLEMS ?
# WE'VE GOT THE SOLUTIONS

$H_2O$ Care

Member of INDIA WATER QUALITY ASSOCIATION

AN ISO 9001-2015 CERTIFIED FIRM

15000+ SUCCESSFULLY COMPLETED PROJECTS

10 BRANCHES IN KERALA

9349733861
9388733857
8157811199





CHANGANACHERRY | CALICUT | COCHIN | TRIVANDRUM | THRISSUR
THURUTHY | ALAPPUZHA | KOLLAM | KOTTAYAM | PATHANAMTHITTA...